# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

May - June 2026 No. 3/26



**CHRAISTHAVA VANITHA**

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs. Sherine Kingston, Mrs. Jessy Bensen**
**Mrs. Sobha Selin, Mr. George John**

**Articles for publication should be sent to:**
**Mrs. Sherine Kingston, P.O. Box 2501, MCPO**
**Trivandrum 695011 or by email to**
**sherinekingston@gmail.com. Mob : +919087144349**

## ഉള്ളടക്കം

- വീടുവിട്ട ബാല്യങ്ങൾ........1
- ശമൂവേൽ പ്രവാചകൻ........3
- ദൈവം നമ്മോടുകൂടെ........6
- വനിതകൾ........8
- വെളിച്ചം........11
- ഡോ. ഐഡാ സ്ക്കഡ്ഡർ........13
- ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും........16
- ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ ?........18
- വിപ്ലവം ഒരു ആശയമല്ല പ്രവൃത്തിയാണ് !........21
- മടങ്ങി വരവ് ........26
- ജ്ഞാനമുള്ളവൾ വീട് പണിയുന്നു........30
- Good News: We will not perish........35
- Quest-7........cover iv

# വീടുവിട്ട ബാല്യങ്ങൾ

ബാല്യപ്രായത്തിൽ തന്നെ മാതാപിതാക്കളെയും പ്രിയപ്പെട്ട വരെയുംവിട്ട് മറ്റ് പശ്ചാത്തലങ്ങളിൽ ജീവിക്കേണ്ടിവന്നവരെക്കുറിച്ചുള്ള പല ദൃഷ്ടാന്തങ്ങളും തിരുവചനത്തിലുടനീളം നാം കാണുന്നുണ്ട്. മോശെ, ശമൂവേൽ, യോസേഫ്, ദാനീയേൽ, ശദ്രക്, മേശെക്, അബേദ് -നെഗോ എന്നീ ബാലന്മാരും നയമാന്റെ വീട്ടിലേത്തിച്ചേർന്ന യിസ്രായേല്യ ബാലികയുമൊക്കെ അക്കൂട്ടത്തിൽ ഉൾപെട്ടവരാണ്. ഇവരിലൊക്കെ പൊതുവായി കാണുന്ന ഒരു പ്രത്യേകത ബാല്യത്തിൽ അവർക്കു ലഭിച്ചിരുന്ന ആത്മിക അവബോധവും ശിക്ഷണവും മാതാപിതാക്കളുടെയും പ്രിയപ്പെട്ടവരുടെയും അസാന്നിദ്ധ്യത്തിലും അവർ മുറുകെ പിടിച്ചിരുന്നു എന്നതാണ്.

നയമാന്റെ വീട്ടിലെത്തിച്ചേർന്ന യിസ്രായേല്യ ബാലികയ്ക്കു ശമര്യയെക്കുറിച്ചും എലീശാപ്രവാചകനെക്കുറിച്ചും കൃത്യമായ അറിവും ബോധ്യവും ഉണ്ടായിരുന്നു. നയമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കുവാൻ തക്കവണ്ണം യഹോവയായ ദൈവത്തിന്റെ പ്രവാചകനായ എലീശയ്ക്കു കഴിയുമെന്ന വിശ്വാസം അവൾ തന്റെ ഏകാന്തതയുടെയും കണ്ണുനീരിന്റെയും നാളുകളിലും മറന്നുപോയില്ല. യിസ്രായേൽരാജാവിനുപോലും ഉറപ്പില്ലാതിരുന്നതും അവനെ അമ്പരപ്പിച്ചതുമായ ഈ കാര്യത്തെ ആ ചെറിയ പെൺകുട്ടി എങ്ങനെ അറിഞ്ഞു? മോശെയും താനൊരു എബ്രായനാണെന്നും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാളും പാപത്തിന്റെ തല്ക്കാലഭോഗങ്ങളെക്കാളും വിലപ്പെട്ടത് തന്റെ ജനത്തോടൊപ്പം കഷ്ടമനുഭവിക്കുന്നതാണെന്നും എങ്ങനെ ഗ്രഹിച്ചു? ദാനീയേലും കൂടെയുണ്ടായിരുന്ന യഹൂദബാലന്മാരും രാജകീയഭോജനത്താൽ തങ്ങൾ അശുദ്ധരായിത്തീരുകയില്ലെന്ന് ഹൃദയത്തിൽ നിശ്ചയിക്കത്തക്കവണ്ണമുള്ള ആത്മീയ കാഴ്ചപ്പാട് എങ്ങനെ ലഭിച്ചു? ശമൂവേൽബാലൻ ഏലിയുടെ നീചന്മാരായ മക്കളോടൊപ്പം തികഞ്ഞ ഭക്തിയോടെ ജീവിക്കുവാൻ എങ്ങനെ കഴിഞ്ഞു? ബാല്യത്തിൽ തന്നെ കൃത്യമായ പരിശീലനവും ആത്മീയ അവബോധവും അവർക്കു നല്കപ്പെട്ടിരുന്നു എന്നതുതന്നെയാണ് അതിന്റെ കാരണം. അവർ മാതാപിതാക്കളിൽനിന്നു കൈവിടപ്പെട്ട് പോകുന്നതിനുമുമ്പുതന്നെ ദൈവാശ്രയത്തിനും അതിജീവനത്തിനുമുള്ള ആത്മീയ പരിപോഷണം അവർക്കു ലഭിച്ചിരുന്നു.

മക്കളെ എങ്ങനെ ആത്മീയ കാര്യങ്ങൾ ഗ്രഹിപ്പിക്കണം എന്നതിനു വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ദൈവം യിസ്രായേൽ ജനത്തിനു നല്കിയിരുന്നു. പെരുന്നാളുകളും ഉത്സവങ്ങളും ദൈവം യിസ്രായേലിനു കല്പിച്ചു നല്കിയതിന്റെ പിന്നാമ്പുറരഹസ്യവും അതുതന്നെയായിരുന്നു. “ഇത് എന്ത് എന്ന് നാളെ നിന്റെ മകൻ നിന്നോടു ചോദിക്കുമ്പോൾ” (പുറ. 13:14). “ഈ കർമ്മം എന്തെന്ന് നിങ്ങളുടെ മക്കൾ നിങ്ങളോട് ചോദിക്കുമ്പോൾ”(പുറ 12:26) എന്നിങ്ങനെ അവർ ചോദിക്കുവാനും മാതാപിതാക്കൾ മറുപടി പറയുവാനും ഉദ്ദേശിച്ചായിരുന്നു പെരുന്നാളുകളും ഉത്സവങ്ങളും ആചരിക്കുവാൻ കല്പിച്ചിരുന്നത്. “ഞാൻ മിസ്രയീമിൽ നിന്നു പുറപ്പെടുമ്പോൾ യഹോവ എനിക്കുവേണ്ടി ചെയ്ത കാര്യം നിമിത്തം ആകുന്നു ഇങ്ങനെ ചെയ്യുന്നത് എന്നു നീ ആ ദിവസത്തിൽ നിന്റെ മകനോട് അറിയിക്കേണം” (പുറ.13:8) എന്നു മാത്രമല്ല, “നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചുകൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കയും വേണം” (ആവ.6:7) എന്നും കല്പിച്ചിരുന്നു.

ഇന്നും നാം പ്രായോഗികമാക്കേണ്ടതും പ്രയോജനപ്പെടുത്തേണ്ടതുമായ ഒരു കല്പനയാണിത്. ദൈവം നമ്മെ നടത്തിയ വിധങ്ങൾ, ദൈവത്തിലാശ്രയിച്ച് പ്രതിസന്ധികളെ അതിജീവിച്ച വിധങ്ങൾ, ദൈവസ്നേഹത്തിന്റെയും കരുതലിന്റെയും അനുഭവങ്ങൾ, നമ്മുടെ ജീവിതത്തിൽ വ്യാപരിച്ച ദൈവിക ഇടപെടലുകൾ ഇവയൊക്കെ സന്ദർഭങ്ങൾ അനുസരിച്ച് മക്കളുടെ ഉള്ളിൽ നിറയ്ക്കുവാൻ നമുക്കു കഴിഞ്ഞാൽ ഈ ബാലികാബാലകന്മാരെപ്പോലെ ഏത് സാഹചര്യങ്ങളിലും ദൈവത്തിൽ ആശ്രയിക്കുവാനും അശുദ്ധിയിൽ നിന്ന് അകന്നിരിക്കുവാനും അവർക്കു കഴിയും. നയമാന്റെ വീട്ടിലെത്തിയ പെൺകുട്ടി തനിക്കുണ്ടായിരുന്ന അറിവ് അവരുമായി പങ്കുവച്ചത് നയമാന്റെ ശരീരസൗഖ്യത്തിനു മാത്രമല്ല ആത്മീയ സൗഖ്യത്തിനും കാരണമായി. അതെ, മക്കൾ വീടുവിട്ട് പോകുന്നതിനു മുമ്പെ പരമാവധി ആത്മീയ പോഷണം അവർക്കു നല്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. നമുക്കുള്ള ദൈവകല്പനയുമാണ്. ലോകത്തിന്റെ മാലിന്യങ്ങളിൽനിന്ന് അവർ സുരക്ഷിതരായിരിക്കേണ്ടതിന് നമ്മുടെ ഉത്തരവാദിത്തം നമുക്കു നിറപടിയായി നിറവേറ്റാം. ദൈവം കൃപ നല്കട്ടെ.

**ജെസി ബെൻസെൻ, കൊച്ചി**

# ശമൂവേൽ പ്രവാചകൻ

**ജീവപര്യന്തം വിശ്വസ്ത സേവ**

"ഈ ബാലന്നായിട്ടു ഞാൻ പ്രാർത്ഥിച്ചു; ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരിക്കുന്നു" (1 ശമൂവേൽ 1:27). ശമൂവേൽ ബാലനായിരിക്കുമ്പോൾ തന്നെ ദൈവാലയത്തിൽ ദൈവിക ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ടവനും തന്റെ ജീവകാലം മുഴുവൻ ദൈവാലയശുശ്രൂഷ ചെയ്തവനുമായിരുന്നു.അതിനു പിൻബലമായി തന്റെ മാതാവ് ഹന്നായുടെ കണ്ണുനീരും, സമർപ്പണവും, പ്രാർത്ഥനയും ആയിരുന്നു. മക്കളില്ലാതിരുന്ന ഹന്നാ, പ്രതിയോഗി തന്നെ പരിഹസിച്ചപ്പോഴും തളർന്നുപോകാതെ, പരിഭ്രമിക്കാതെ ദൈവ സന്നിധിയിൽ ഉറച്ചു നിന്നു, കണ്ണുനീരോടും, വിശ്വാസത്തോടുംകൂടി പ്രാർത്ഥിച്ചു, ചോദിച്ചു വാങ്ങിയ പൈതൽ. യഹോവയാണ് അവളുടെ ഗർഭം അടച്ചിരുന്നത്. യഹോവ തന്നെ അത് തുറക്കുമെന്ന് ഉറപ്പുണ്ടായിരുന്ന ഹന്നാ. അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു. വളരെ കരഞ്ഞു. "അവൾ ഒരു നേർച്ച നേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി, അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും" (1 ശമൂവേൽ 1:11). ഹന്നാ ഹൃദയംകൊണ്ടു പ്രാർത്ഥിച്ചതിനാൽ ഏലി പുരോഹിതൻ അതു മനസ്സിലാക്കാതെ അവളെ തെറ്റിദ്ധരിച്ചു. പുരോഹിതനോടു പരിഭവിക്കാതെ ഹന്നാ, അടിയനെ ഒരു നീചസ്ത്രീയായി വിചാരിക്കരുതേ, അടിയൻ സങ്കടത്തിന്റെയും വ്യസനത്തിന്റെയും ആധിക്യം കൊണ്ടായിരുന്നു സംസാരിച്ചതു എന്നു വളരെ സൗമ്യതയോടെ മറുപടി പറയുന്നു.

ദൈവം പ്രാർത്ഥനയ്ക്കു ഉത്തരമായി ശമൂവേൽ എന്ന പൈതലിനെ കൊടുക്കുന്നു. അവന്നു മുലകുടി മാറിയപ്പോൾത്തന്നെ അവൾ ദൈവസന്നിധിയിൽ എടുത്ത തീരുമാനം നിവർത്തിച്ചു. ബാലനെ ദൈവസന്നിധിയിൽ കൊണ്ടുചെന്നു ഏലീ പുരോഹിതനെ ഏല്പിക്കുകയാണ് ചെയ്തത്. "ഈ ബാലന്നായിട്ടു ഞാൻ പ്രാർത്ഥിച്ചു, ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനെ യഹോവയ്ക്കു നിവേദിച്ചിരിക്കുന്നു. അവൻ ജീവപര്യന്തം യഹോവയ്ക്കു നിവേദിതനായിരിക്കും. അവർ അവിടെ യഹോവയെ നമസ്ക്കരിച്ചു" (1 ശമൂവേൽ 1:27,28). മക്കളില്ലാതിരുന്നു ദീർഘകാലം പ്രാർത്ഥിച്ചതിന്റെ

ഫലമായി കിട്ടിയ പൈതലിനെ സമർപ്പണത്തോടുകൂടെ ദൈവികശുശ്രൂഷയ്ക്കായി ദൈവാലയത്തിലാക്കി ഹന്നാ മടങ്ങി. തുടർന്നും അവനുവേണ്ടി കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

മക്കളുടെ ആത്മീയ വളർച്ചയ്ക്കു പിൻബലം സ്വന്തമാതാവിന്റെ കണ്ണുനീരും സമർപ്പണവുമാണ്. ശമൂവേൽ ബാലനോ വളരുന്തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു. ശമൂവേൽ ഏലിയുടെ മുമ്പാകെ യഹോവയ്ക്കു ശുശ്രൂഷ ചെയ്തുപോന്നു. ശമൂവേൽ എപ്പോഴും ദൈവിക സാന്നിദ്ധ്യത്തിൽ തന്നെ ആയിരുന്നു. ശമൂവേൽ ദൈവത്തിന്റെ പെട്ടകം ഇരിക്കുന്ന ഇടത്തു ദൈവത്തിന്റെ വിളക്കു കെടുന്നതിനു മുമ്പേ ചെന്നു കിടന്നു. അതുകൊണ്ടു ചെറുപ്രായത്തിൽ അവനു ദൈവിക വെളിപ്പാടും ഏലിയുടെ ഭവനത്തെക്കുറിച്ചുള്ള അരുളപ്പാടും ലഭിക്കുന്നു. ദൈവസാന്നിദ്ധ്യത്തിൽ ദൈവത്തോടടുത്തിരിക്കുന്ന വ്യക്തിയോടുമാത്രമേ ദൈവത്തിനു സംസാരിപ്പാനും സഹവാസം ചെയ്യുവാനും സാധിക്കൂ. അതു നാം ഓർത്തിരിക്കേണ്ട സത്യമാണ്. എന്നാൽ ശമുവേൽ ആയിരിക്കുന്ന സാഹചര്യം നാം ഓർക്കണം. ശമൂവേൽ ദൈവികസാന്നിധ്യത്തിൽ ചുറ്റപ്പെട്ടിരിക്കുമ്പോൾ അവിടെതന്നെയാണ് ഏലിപുരോഹിതന്റെ മക്കളായ ഹൊഫ്നിയും, ഫീനെഹാസും ദൈവാലയത്തിൽ ജോലിചെയ്യുന്ന സ്ത്രീകളോടുകൂടെ ശയിച്ചു വഷളത്വം പ്രവർത്തിക്കുന്നത്. ദൈവസാന്നിധ്യത്താൽ ആവരണം ചെയ്യപ്പെട്ടും, സ്വന്തമാതാവിന്റെ കണ്ണുനീരോടുകൂടിയ പ്രാർത്ഥനയെന്ന കോട്ടയാൽ പൊതിയപ്പെട്ട ശമൂവേലിന്റെ കണ്ണ് ഈ വഷളത്വം കാണുകയോ അതിൽ അകപ്പെട്ടുപോകുകയോ ചെയ്യുന്നില്ല. നമുക്കും ഇതൊരു മാതൃകയായിരിക്കട്ടെ. ഏതു ക്രിസ്തീയമാതാവിന്റെയും കണ്ണുനീരും പ്രാർത്ഥനയും തലമുറകൾക്ക് കവചമായിരിക്കട്ടെ.

ഏലിപുരോഹിതൻ വൃദ്ധനും കണ്ണുകാണാത്തവനുമായി. ഏലിയുടെ ഭവനത്തിന്റെ അകൃത്യത്തിനു യാഗത്താലും വഴിപാടിനാലും ഒരുനാളും പരിഹാരം വരികയില്ല. ഏലി ശമൂവേലിനോടു തനിക്കുണ്ടായ അരുളപ്പാടെന്തെന്നു ചോദിക്കുന്നു. അങ്ങനെ ശമൂവേൽ സകലവും അവനെ അറിയിച്ചു. ഒന്നും മറച്ചില്ല എന്നാറെ അവൻ യഹോവയല്ലോ; തന്റെ ഇഷ്ടംപോലെ ചെയ്യട്ടെ എന്നു പറഞ്ഞു. അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്നു, അവർ പ്രവർത്തിക്കുന്ന വഷളത്വം അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്തിയില്ല. അനേക മാതാപിതാക്കൾക്കും സംഭവിക്കുന്ന പരാജയം ഇവിടെയാണ്. കണ്ണുനീരൊഴുക്കുന്ന മാതാപിതാക്കളുടെ തലമുറകൾ ദൈവസന്നിധിയിൽ ദൈവപ്രസാദമുള്ളവരായി കാണും സംശയമില്ല. ശാസിക്കേണ്ടിടത്തു ശാസിക്കുക, തിരുത്തേണ്ടതു തിരുത്തുവാൻ ബോദ്ധ്യപ്പെടുത്തുക,

സ്നേഹിക്കുക ശാസിക്കുക. എന്നാൽ ശമൂവേൽ വളർന്നു, യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു; അവന്റെ വചനങ്ങളിൽ ഒന്നും നിഷ്ഫലമാകുവാൻ ഇട വരുത്തിയില്ല.

ഫെലിസ്ത്യർ യിസ്രായേലിനോടു പടയെടുത്തു, ദൈവം കല്പിച്ചിരുന്നതുപോലെ തന്നെ ഏലിയുടെ ഭവനത്തിനു അനർത്ഥം നേരിടുകയാണ്. ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടു. ഏലിയുടെ രണ്ടു പുത്രന്മാരായ ഹൊഫ്നിയും, ഫീനെഹാസും പടയിൽ പട്ടുപോയി. വിവരം അറിഞ്ഞു ഏലി പടിവാതില്ക്കൽ ആസനത്തിൽനിന്നും പിറകോട്ടുവീണു കഴുത്തൊടിഞ്ഞു മരിച്ചു. ഫീനെഹാസിന്റെ ഭാര്യ പൂർണ്ണഗർഭിണിയായിരുന്നു. ദൈവത്തിന്റെ പെട്ടകം പിടിപെട്ടതും മറ്റു വിവരങ്ങളും അറിഞ്ഞപ്പോൾ ഒരു ആൺകുഞ്ഞിന് ജന്മംകൊടുത്തു മഹത്ത്വം യിസ്രായേലിൽനിന്നും പോയ്പോയി എന്നു പറഞ്ഞു കുഞ്ഞിനു "ഈഖാബോദ്" എന്നു പേരിട്ടു, അവളും മരിച്ചു. നാം ദൈവഭയമില്ലാത്തവരായി ജീവിച്ചാൽ, ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിച്ച്, മക്കളെ നേരെ നടത്താതിരുന്നാൽ അവർ ചെയ്യുന്ന തെറ്റുകൾ അറിഞ്ഞിട്ടും ശാസിച്ചു തിരുത്താതെ കണ്ടില്ലാ എന്നു പറഞ്ഞു നടന്നാൽ തിക്തഫലങ്ങൾ കുടുംബത്തിന്റെ തകർച്ച മാത്രമായിരിക്കും. ശമൂവേലും ജീവപര്യന്തം വിശ്വസ്തനായി ദൈവവേല ചെയ്തുവെങ്കിലും മക്കളെ ദൈവ സന്നിധിയിൽ കൊള്ളാകുന്നവരായി വളർത്തിയില്ല. അതുകൊണ്ട് നാശത്തിലേക്കുതന്നെ തലമുറകൾ നിപതിക്കും, സംശയമില്ല.

ദൈവം തന്നിരിക്കുന്ന കുടുംബത്തെ നേരായ പാതയിൽ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അവന്റെ പുത്രന്മാർ അവന്റെ വഴിയിൽ നടക്കാതെ ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി ന്യായം മറിച്ചു വന്നു. "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നുവെന്നു കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല" (3 യോഹ. 4). "ദൈവത്തെ മറക്കുന്നവരേ ഇതു ഓർത്തുകൊൾവിൻ, അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും. വിടുവിപ്പാൻ ആരും ഉണ്ടാകയില്ല" (സങ്കീ. 50:22). ഏലിയുടെ കുടുംബത്തിനു ഭവിച്ചതു കണ്ണാലെ കണ്ട ശമൂവേൽ തലമുറയുടെ കാര്യത്തിൽ അമ്പേ പരാജയപ്പെട്ടുപോയി. ഇതെല്ലാം നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ പാകപ്പിഴകൾ തിരുത്താനും യോശുവയെപ്പോലെ "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ 24:15) എന്നു പറയുവാനും കഴിയട്ടെ. ദൈവനാമം മഹത്ത്വപ്പെടട്ടെ. ആമേൻ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# ദൈവം നമ്മോടുകൂടെ
## (മത്തായി 1:22)

മനുഷ്യനോടുകൂടെ വസിക്കുവാൻ ദൈവം എപ്പോഴും ആഗ്രഹിക്കുന്നു. ആ ഉദ്ദേശ്യത്തോടെയത്രേ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദെൻ തോട്ടത്തിൽ ആക്കിയത്. എങ്കിലും മനുഷ്യന്റെ അനുസരണക്കേടുമൂലം ആ ഉദ്ദേശ്യം സാധിച്ചില്ല. കാലാകാലങ്ങളായി ദൈവം പലവിധത്തിൽ മനുഷ്യനോട് ഇടപെട്ടു കൊണ്ടിരുന്നു. എങ്കിലും പലപ്പോഴും മനുഷ്യൻ ദൈവത്തിന് ഇടം കൊടുക്കാത്തവനായി കാണപ്പെട്ടു. ആകയാൽ ഇമ്മാനുവേലായി അവൻ ലോകത്തിൽ വെളിപ്പെട്ടു 33 വർഷം മനുഷ്യനോടുകൂടെ വസിച്ചു. മൂന്നര വർഷത്തെ തന്റെ ശുശ്രൂഷാ കാലത്ത് ദൈവം മനുഷ്യനോടുകൂടെ വസിക്കുവാൻ ആഗ്രഹിക്കുന്നു വെന്ന് തന്റെ പ്രവൃത്തികളാൽ വെളിപ്പെടുത്തി. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേരിനാൽ അവൻ അറിയപ്പെട്ടു. (മത്തായി 1:23)

നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ (സങ്കീ. 23:4). എപ്പോഴും നമ്മോടുകൂടെയുള്ള ദൈവം നമ്മുടെ പ്രയാസങ്ങളിൽ, കഷ്ടങ്ങളിൽ, രോഗങ്ങൾ, ദുഃഖങ്ങളിലും, ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ എല്ലാ നേരത്തും ആശ്വസിപ്പിക്കുന്ന ഒരു ദൈവം നമ്മോട് കൂടെയുണ്ട് എന്ന വിശ്വാസം എന്നും എപ്പോഴും നമുക്കുണ്ടായിരിക്കണം. നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. ഈ വിശ്വാസസത്യം എത്രപേർക്ക് ഉണ്ട്? പലപ്പോഴും പല കാര്യങ്ങളിലും ആകുലപ്പെടുമ്പോൾ ആശ്വസിപ്പിക്കുന്ന ദൈവം നമ്മോട് കൂടെയുണ്ട്. നീ എന്നോട് കൂടെ നമ്മോടു കൂടെയുണ്ടെന്നുള്ള തെളിവുകൾ തിരുവചനത്തിൽ ധാരാളമുണ്ട്. ചിലത് നമുക്ക് ചിന്തിക്കാം.

“ഞാൻ മോശയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈ വിടുകയില്ല, ഉപേക്ഷിക്കുകയും ഇല്ല. ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക;”(യോശുവ 1:5). യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നു ചെങ്കടൽ കടന്ന് യോർദ്ദാനിക്കരെവരെ കൊണ്ടുവന്നു. അതിനുശേഷം മോശെ മരിക്കാറായപ്പോൾ നൂന്റെ മകനായ യോശുവയെ മോശെ കൈവെച്ചനുഗ്രഹിച്ചു. ഇനിയും ഈ ജനത്തെ യാത്രചെയ്ത് കനാൽ നാട്ടിൽ എത്തിക്കാൻ ഏൽപ്പിച്ചു. മോശെ നെബോ പർവതത്തിൽ പിസ്ഗ മുകളിൽ കയറി അവിടെ വച്ച് മരിച്ചു. പിന്നീട് മോശെയുടെ കാലശേഷം യോശുവ ഏറ്റെടുത്തു അവൻ

ജ്ഞാനാത്മപൂർണ്ണനായിത്തീർന്നു. യഹോവ മോശെയോടു കൽപ്പിച്ചതു പോലെ യിസ്രായേൽ മക്കൾ അവനെ അനുസരിച്ചു. യഹോവയുടെ ദാസനായ മോശെയുടെ മരണശേഷം യഹോവ നൂന്റെ മകനായി മോശെയുടെ ശുശ്രൂഷകനായ യോശുവയോടു അരുളിച്ചെയ്തത് ആണ് യോശുവാ 1:5 വാക്യത്തിൽ നാം കാണുന്നത്.

യഹോവ അമ്മോന്യരെ യിസ്രായേൽ മക്കളുടെ കൈയ്യിൽ ഏല്പ്പിച്ചു കൊടുത്ത ദിവസം. (യോശുവ 10:6-22 വരെ വായിച്ചു മനസ്സിലാക്കുക). യഹോവ യോശുവയോടുകൂടെ ഉണ്ടായിരുന്നു എന്നുള്ള തെളിവാണ് ഇവിടെ വായിക്കുന്നത്. യിസ്രായേൽമക്കൾ കേൾക്കെ "സൂര്യാ, നീ ഗിബെയോനിലും, ചന്ദ്രാ നീ അയ്യലോൻ താഴ്വരയിലും നില്ക്ക എന്നുപറഞ്ഞു. ജനം തങ്ങളുടെ ശത്രുക്കളോട് പ്രതികാരം ചെയ്യുവോളം സൂര്യൻ നിന്നു. ചന്ദ്രനും നിശ്ചലമായി. ശൂരന്മാരുടെ പുസ്തകത്തിൽ അങ്ങനെ എഴുതിയിരിക്കുന്നുവല്ലോ? ഇങ്ങനെ സൂര്യൻ ആകാശമദ്ധ്യേ ഒരുദിവസം മുഴുവനും അസ്തമിക്കാതെ നിന്നു. യഹോവ ഒരു മനുഷ്യന്റെ വാക്ക് കേട്ടനുസരിച്ച ആ ദിവസം പോലെ അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല. യഹോവ തന്നെയായിരുന്നു യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്യുന്നത് (ഉൽപത്തി 39:21). എന്നാൽ യഹോവ യോസഫിനോട് കൂടെയുണ്ടായിരുന്നുവെന്ന് ഉൽപത്തി 39 മുതലുള്ള അദ്ധ്യായങ്ങൾ വായിച്ചാൽ മനസ്സിലാക്കാം. അവന്റെ സഹോദരന്മാർ യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റപ്പോഴും, പൊട്ടക്കിണറ്റിൽ ഇട്ടപ്പോഴും, പോത്തീഫറിനു വിറ്റപ്പോഴും, പോത്തീഫറിന്റെ ഭവനത്തിൽ വച്ച് അവന്റെ ഭാര്യ കാരണം കുണ്ടറയിൽ കിടന്നപ്പോഴും യഹോവ യോസേഫിനോടുകൂടെ ഉണ്ടായിരുന്നു.

പിന്നീട് കുണ്ടറയിൽ നിന്നും വിടുതൽ പ്രാപിച്ചു. ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ചു കൊടുക്കുമ്പോഴും യഹോവ കൂടെയിരുന്നു. എല്ലാ നിലയിലും ദൈവം അവനെ ഉയർത്തി. ദൈവം മോശെയോട് പറയുന്നു ഞാൻ നിന്നോടുകൂടെ ഇരിക്കും. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയും ഇല്ല. ഞാൻ വാതിൽക്കൽ നിന്നും മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും (വെളി. 3:20). ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു. (മത്തായി 28:20).

ദൈവം അബ്രഹാമിനോടുകൂടെയിരുന്നു. അബീമെലേക് അബ്രഹാമിന്റെ ദൈവം വലിയവനെന്നും അവൻ അബ്രഹാമിനോട് കൂടെ

*ശേഷം പേജ് 10 കാണുക*

# വനിതകൾ
# (വേദപുസ്തക വീക്ഷണത്തിൽ)

വേദപുസ്തകത്തിൽ ആദ്യമായി നാം സ്ത്രീയെ കാണുന്നത് അവളുടെ സൃഷ്ടിയോടുള്ള ബന്ധത്തിലാണ്. അതിന്നാധാരമായ ചില വാക്യങ്ങൾ നോക്കാം.

ഉൽപ.2:18 'അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു. 'ഉൽപ. 2:21,22 "ആകയാൽ യഹോവയായ ദൈവം മനുഷ്യന്നു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിന്നു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽനിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ: ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നു എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു".

സ്ത്രീ, നാരി എന്നീ പേരുകൾക്കു പുറമേ മറ്റുപല പേരുകളിൽ ക്കൂടി വനിതകൾ അറിയപ്പെടുന്നു. അവരുടെ സ്വഭാവമനുസരിച്ച് അവരെ വീണ്ടും മൂന്നായി തിരിക്കാം.

1. **പെണ്ണുങ്ങൾ** (silly women)
   ചിന്തയില്ലാത്ത പെണ്ണുങ്ങൾ (യെശ:32:9,10,11), **സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങൾ (2 തിമൊ. 3:7).**

കാര്യക്ഷമത ഇല്ലാത്തവർ അഥവാ മൂല്യബോധമില്ലാത്തവർ. ഇങ്ങനെയുള്ള സ്ത്രീകൾക്ക് ഭാവിയെക്കുറിച്ച് ഒരു പ്രതീക്ഷയുമില്ല. അനേക ക്ളാസ്സുകളിലൊക്കെ അവർ പങ്കെടുക്കും. പക്ഷേ ആവശ്യ മായ പരിജ്ഞാനമുണ്ടാകുന്നില്ല. വരുന്ന തലമുറയെക്കുറിച്ച് ചിന്തയും ഉത്തരവാദിത്വവുമില്ലാത്തവരാണവർ. അപ്പോഴപ്പോൾ തോന്നുന്നതനു സരിച്ചു ജീവിക്കുക എന്നാണ് രീതി. ഉദാഹരണമായി ബൈബിളിൽ നിന്നുതന്നെ ചില ദൃഷ്ടാന്തങ്ങൾ ലഭിക്കുന്നു.

**പോത്തീഫറിന്റെ ഭാര്യ (ഉൽപ. 39).**

സ്വന്ത സഹോദരന്മാരാൽ യിശ്മായേല്യർക്കു വിറ്റുകളഞ്ഞ യോസേഫ് പോത്തീഫറിന്റെ ഭവനത്തിൽ അടിമയായി വസിക്കേണ്ടി

വന്നു. തദവസരത്തിൽ പോത്തീഫറിന്റെ ഭാര്യ അവനെ ലൈംഗികമായി ചൂഷണം ചെയ്യാൻ നോട്ടമിട്ടു പ്രവർത്തിച്ചു. ദൈവഭക്തനായ യോസേഫ് ദൈവകൃപയാൽ അവളുടെ കെണിയിലകപ്പെടാതെ രക്ഷപെട്ടു. എങ്കിലും അവളുടെ അപവാദത്തിനിരയായി ജയിലിലട യ്ക്കപ്പെട്ടു. എന്നാൽ യഹോവ യോസേഫിനോടു കൂടെയുണ്ടായിരുന്നു. ആയതിനാൽ യോസേഫ് പിന്നീട് തന്റെ ദൈവാശ്രയത്താലും ദൈവിക ജ്ഞാനത്താലും മിസ്രയീമ്യ രാജാവായ ഫറവോന്റെ കൊട്ടാരത്തിലെ മന്ത്രി ആയിത്തീർന്നു.

**ഈസേബെൽ (1 രാജാ.21)**

ഭർത്താവിന്റെമേൽ ആധിപത്യം സ്ഥാപിക്കുന്നതിനു ദൃഷ്ടാന്തമാ ണിവൾ. യിസ്രായേല്യനായ നാബോത്തിന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കാൻ ആശവെച്ച ആഹാബ് രാജാവിന് അതു സാധിക്കാതെ വന്നപ്പോൾ ഈസേബെൽ ചതിപ്രയോഗത്താൽ നാബോത്തിനെ കൊന്ന് അവന്റെ അവകാശത്തിലുള്ള മുന്തിരിത്തോട്ടം കൈവശ പ്പെടുത്തി ചീരത്തോട്ടമാക്കി മാറ്റി.

**2. സ്ത്രീകൾ**

സ്ത്രീകളെപ്പറ്റി 1 തിമൊ. 2:9ലും, 3:11-ലും പറഞ്ഞിട്ടുണ്ട്. ദൈവഭക്തയായ സ്ത്രീകളുടെ ലക്ഷണങ്ങൾ ഇവിടെ കാണുന്നു

1 തിമൊ.2:9

(1) യോഗ്യമായ വസ്ത്രധാരണം

(2) ലജ്ജാശീലം (സ്ത്രൈണത) സ്വഭാവത്തിന്റെ മഹിമയാണ് ലജ്ജാശീലം

(3) സുബോധം (വീണ്ടുവിചാരം) sober mind (discerning power). സുബോധമുള്ള അമ്മയ്ക്ക മാത്രമേ മക്കളെ സുബോധത്തിൽ വളർത്താൻ കഴിയൂ. മക്കൾ പറയുന്നതെന്തും സാധിച്ചുകൊടു ത്താലുണ്ടാകുന്ന ഭവിഷ്യത്ത് സുബോധമുള്ള അമ്മയ്ക്കു മാത്രമേ തിരിച്ചറിയാൻ കഴിയൂ.

(4) അലങ്കാരം പൊന്നണിയുന്നതോ, മുടിയുടെ ഫാഷനോ, വസ്ത്ര ത്തിന്റെ പ്രൗഢിയോ ഒന്നുമല്ല ദൈവഭക്തയായ സ്ത്രീയുടെ അല ങ്കാരം. ദൈവവചനപ്രകാരം സൽപ്രവൃത്തികളാൽ വേണം തങ്ങളെ ത്തന്നെ അലങ്കരിക്കാൻ.

**1 തിമൊ. 3:11**

(1) ഘനശാലികൾ (പ്രതികരിക്കാൻ കഴിവുള്ളവർ) വ്യക്തിത്വത്തെ സൂക്ഷ്മതയോടെ കാണുവാൻ കഴിവുള്ളവരാണ് ഘനശാലികൾ. അല്ലാതെ ഗൗരവത്തിൽ നടക്കുന്നവരല്ല. മറ്റുള്ളവരുടെ വാക്കുകേട്ട്

അതിനു പിന്നാലെ പോകുന്നവരല്ല. അതിനെ ധൈര്യത്തോടെ നേരിടുന്നവർ.

(2) ഏഷണി പറയാത്തവർ

(3) നിർമ്മദർ (മദരഹിതം, സഹനം) വികാരത്തെ അടക്കാൻ കഴിവുള്ളവർ. കോപം, വൈരാഗ്യം, സങ്കടം, പിണക്കം എല്ലാം വികാരങ്ങളാണ്.

(4) വിശ്വസ്തർ ഭവനത്തിലെ എല്ലാ കാര്യങ്ങളിലും വിശ്വസ്തരായിരിക്കണം. പ്രത്യേകിച്ചു ദാമ്പത്യത്തിൽ, മാതാപിതാക്കളോട്, മക്കളോട്, ജോലിക്കാരോട്, അയൽക്കാരോട്, കൂട്ടുവിശ്വാസികളോട് വിശ്വസ്തത പുലർത്തണം. ഭയം, ഭവ്യത, ഭക്തി എന്നിവയെല്ലാം ക്രമീകരിക്കുവാൻ സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ കഴിവുണ്ട്.

**3. സ്ത്രീരത്നങ്ങൾ (Precious Women)** സങ്കീ. 45:9

ചരിത്രം സൃഷ്ടിച്ച ദൈവഭക്തരായ സ്ത്രീകളെയാണ് സ്ത്രീരത്നങ്ങൾ എന്നു പറയുന്നത്. എസ്ഥേർ, ദെബോരാ, രൂത്ത്, ഫേബ, പ്രിസ്കില്ല, മഗ്ദലക്കാരത്തി മറിയ, യേശുവിന്റെ അമ്മ മറിയ തുടങ്ങിയവർ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇവരെല്ലാം ഓരോരോ തരത്തിൽ അവരവരുടെ വിലപ്പെട്ട സേവനത്താൽ ചരിത്രം സൃഷ്ടിച്ചവരാണ്.

പ്രിയ സഹോദരിമാരേ, നാമെല്ലാവരും വനിതകളുടെ കൂട്ടത്തിൽ ഉൾപ്പെടുമെങ്കിലും നാം ദൈവഭക്തരായ സ്ത്രീകളാണ്, ദൈവത്തിന്റെ മക്കളാണ്. ആയതിനാൽ ദൈവം തരുന്ന കൃപയ്ക്കൊത്തവണ്ണം ദൈവനാമമഹത്ത്വത്തിനായി ജീവിതം നയിക്കുവാൻ സർവ്വ കൃപാലുവായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**ജോയമ്മ സാംസൺ, കൊല്ലം**

---

*പേജ് 7 ന്റെ തുടർച്ച (ദൈവം നമ്മോടുകൂടെ)*

യിരുന്ന് അവനെ അനുഗ്രഹിക്കുന്നു എന്നും മനസ്സിലാക്കി അബ്രഹാമിനോട് ഉടമ്പടി ചെയ്യുവാനാഗ്രഹിച്ചു. (ഉൽപത്തി 21:23). ദൈവം നമ്മോട് കൂടെയുണ്ടെങ്കിൽ നാം അനുഗ്രഹിക്കപ്പെടും. അതുപോലെ ദൈവം നമ്മോടു കൂടെയുണ്ടെങ്കിൽ നാം അനേകർക്കു അനുഗ്രഹമായിരിക്കും. നമുക്ക് ചുറ്റുമുള്ള ജനം അനുഗ്രഹിക്കപ്പെടും. ദൈവം അബ്രഹാമിനോട് കൂടെയിരുന്നു. ദൈവം യിസ്ഹാക്കിനോട് കൂടെയിരുന്നു. അബ്രഹാം എല്ലാറ്റിനേക്കാളും അധികം ദൈവത്തെ സ്നേഹിച്ചു. അതുകൊണ്ട് പ്രിയ ദൈവമക്കളേ, മരണത്തെയും പാതാളത്തെയും ജയിച്ചവനായ യേശു നമ്മോട് കൂടെയുണ്ട്. നാം ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്യുക.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# വെളിച്ചം

വെളിച്ചത്തിന് എബ്രായ ഭാഷയിൽ ഓർ എന്നും ഗ്രീക്കിൽ ഫോസ് എന്നും പറയുന്നു. ദൈവത്തിൽ നിന്നും മനുഷ്യന് ലഭിച്ച ഒരു വലിയ അനുഗ്രഹമാണ് വെളിച്ചം. ഉൽപത്തി 1:3 ൽ ദൈവം വെളിച്ചം ഉണ്ടാകട്ടെ എന്ന് കല്പിച്ചു വെളിച്ചം ഉണ്ടായി. ദൈവം ആദ്യം സൃഷ്ടിച്ചതും വെളിച്ചത്തെയാണ്. 1 യോഹന്നാൻ. 1:5 ൽ ദൈവം വെളിച്ചമാണെന്ന് കാണാൻ കഴിയും. പകലും രാവും തമ്മിൽ വേർപിരിയാനും ഭൂമിയെ പ്രകാശിപ്പിക്കുവാനും ദൈവം സൂര്യനെയും നക്ഷത്രങ്ങളെയും ഉണ്ടാക്കി.

മത്തായി 5:14 ൽ പറയുന്നു നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. ഈ അന്ധകാരപൂരിതമായ ലോകത്തിൽ യഥാർത്ഥ വെളിച്ചം കൊടുക്കേണ്ടവരാണ് നാം എന്നാണ് കർത്താവ് പറയുന്നത്. നമുക്കറിയാം വെളിച്ചം കൊടുക്കണമെങ്കിൽ അതിനൊരു സ്രോതസ്സ് വേണം. അതിന് നാം പലതരത്തിലും ആകൃതിയിലുമുള്ള വിളക്കുകൾ ഉപയോഗിക്കാറുണ്ട്. വിളക്ക് കത്തണമെങ്കിൽ അതിനകത്ത് എണ്ണയും തിരിയും ആവശ്യമാണ്. മത്തായി 25-ാം അധ്യായത്തിൽ രണ്ടു കൂട്ടരെ കാണാം. ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരും. ബുദ്ധിയുള്ളവർ വിളക്കോട് കൂടെ എണ്ണയും എടുത്തു. ഈ ദുഷ്ടലോകത്തിൽ നമുക്ക് ജീവിക്കണമെങ്കിൽ നാം ആകുന്ന വിളക്കിൽ ദൈവകൃപ വേണം

വിളക്ക് കത്തിച്ച് ആരും പറയിൻ കീഴിൽ വയ്ക്കില്ല. അത് തണ്ടിന്മേൽ വച്ചെങ്കിൽ മാത്രമേ ചുറ്റുപാടും ഭവനത്തിലും പ്രകാശം പരത്താൻ കഴിയൂ. ദൈവകൃപയുള്ള മാതാപിതാക്കൾ ഭവനങ്ങളിൽ ഉണ്ടെങ്കിൽ ആ ഭവനം പ്രകാശപൂരിതമായിരിക്കും. അവിടെ സന്ധ്യാ പ്രാർത്ഥന, പ്രഭാതപ്രാർത്ഥന, ദൈവവചനധ്യാനം, ഉപവാസം, ആരാധന ഇവയെല്ലാം ഉണ്ടായിരിക്കും. എഫെസ്യർ 5 :11 ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്; അവയെ ശാസിക്ക അത്രേ വേണ്ടത്. ഇന്ന് നമ്മുടെ തലമുറകളെ ശത്രു ഇരുട്ടിന്റെ പ്രവർത്ത കരിലേക്ക് വലിച്ചെടുക്കുകയാണ് ചെയ്യുന്നത്. മദ്യത്തിനും, മയക്കുമരു ന്നുകൾക്കും പാപത്തിന്റെ ഇച്ഛകൾക്കും എന്നാൽ ദൈവവചനം പറയുന്നു. നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിന്നുമുള്ളവരല്ല. നാമോ പകലിന്നുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും

ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ട് സുബോധ മായിരിക്ക എന്ന് 1 തെസ്സ. 5:5, 8 പറയുന്നു.

പ്രിയമുള്ളവരേ, നമുക്ക് എഴുന്നേറ്റ് പ്രകാശിക്കാം. നാമാകുന്ന വിളക്ക് കത്തിച്ചുകൊണ്ട് ഭവനത്തിലുള്ളവർക്കും പ്രകാശം കൊടുക്കാം. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:16). നാം നമ്മുടെ ചുറ്റുപാടിലും ദേശത്തിനും മാത്രമല്ല നമ്മുടെ രാജാക്കന്മാർക്കും അധികാരസ്ഥന്മാർക്കും വേണ്ടി പ്രാർത്ഥനയും യാചനയും പക്ഷവാദവും സ്തോത്രവും ചെയ്യണം. യെഹെസ്ക്കേൽ 22:30 ൽ പറയുന്നു ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിന്നു മതിൽകെട്ടി എന്റെ മുമ്പാകെ ഇടുവിൽ നില്ക്കേണ്ടതിനു ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു; ആരെയും കണ്ടില്ലതാനും.

പ്രിയരേ, നാം പ്രകാശിച്ചെങ്കിൽ മാത്രമേ ഈ ലോകത്തിലെ അന്ധകാരം മാറുകയുള്ളൂ. മറ്റുള്ളവരുടെ ഹൃദയദൃഷ്ടി പ്രകാശിക്കുകയുള്ളൂ. ഇന്ന് ശത്രു ഹൃദയങ്ങളെ കുരുടാക്കിയിരിക്കുന്നതിന്റെ ഫലമാണ് ഇന്ന് കാണുന്ന യുദ്ധം. മനുഷ്യർക്ക് ദൈവഭയം ഇല്ല. അങ്ങനെയുള്ളവർക്കായി നമുക്ക് പ്രാർത്ഥിക്കാം ഉണർന്ന് പ്രകാശിക്കാം. ദൈവം ഏവരെയും അതിനായി സഹായിക്കട്ടെ.

**കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം**

---

## Quest 6 - ന്റെ ശരി ഉത്തരങ്ങൾ

1. മൂഢന്റെ - സദൃശ. 17:24
2. സഹോദരി - സദൃശ. 7:4
3. ധനം - സദൃശ. 23:5
4. മുഖദാക്ഷിണ്യം - സദൃശ. 24:23
5. ഏഷണിക്കാരൻ - സദൃശ. 16:28
6. രാജാവിന്റെ ഹൃദയം - സദൃശ. 21:1
7. യാക്കേ - സദൃശ. 30:1
8. ഭോഷന്റെ നീരസം - സദൃശ. 27:3
9. തക്കസമയത്ത് പറഞ്ഞ വാക്ക് - സദൃശ. 25:11
10. ഭോഷന്റെ - സദൃശ. 12:16
11. ഉറുമ്പിന്റെ അടുക്കൽ - സദൃശ. 6:6
12. മൂഢന്മാരുടെ - സദൃശ. 26:3
13. കഠിനവാക്ക് - സദൃശ. 15:1
14. പരിഹാസി - സദൃശ. 14:6
15. ജാരശങ്ക - സദൃശ. 6:34
16. മര്യാദവിട്ടു - സദൃശ. 29:18
17. ഭൂഷണം - സദൃശ. 20:29
18. വായുവത്രെ - സദൃശ. 11:29
19. തീരാത്ത ചോർച്ച - സദൃശ. 19:13
20. പരസ്ത്രീ - സദൃശ. 5:3

*ലോകചരിത്രത്തെ മാറ്റിമറിച്ചവരാണ് ക്രൈസ്തവ മിഷണറിമാർ. അവർ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിച്ചിട്ടുള്ള ജനസമൂഹങ്ങൾ സംഖ്യാതീതമാണ്. സംഭവബഹുലമായ അവരുടെ ജീവിതത്തിലേക്ക് എത്തിനോക്കുന്ന മാനുവൽ പി. ജോസഫ് അവർകളുടെ പ്രൗഢോ ജ്വലങ്ങളായ ലേഖനങ്ങളിൽ ചിലത് ക്രൈസ്തവ വനിതയിൽ ഖണ്ഡശ്ശ: പ്രസിദ്ധീകരിക്കുന്നതാണ്.*

*ശ്രീ മാനുവൽ പി. ജോസഫ് എഴുതി ലൈഫ് വിഷൻ ലിറ്ററേച്ചർ പ്രസാധനം ചെയ്ത "പറഞ്ഞു തീരാത്ത കഥകൾ" എന്ന പുസ്തകത്തിൽ നിന്നുമാണിത്.*

*Published with Author's Permission*

# ഡോ. ഐഡാ സ്ക്കഡ്ഡർ

ഡോ. ഐഡാ സ്കഡ്ഡർ(1870 -1960) അമേരിക്കയിൽ നിന്നും ഇന്ത്യയിൽ വന്ന മെഡിക്കൽ മിഷനറിമാരിൽ മൂന്നാം തലമുറക്കാരിയാണ്. ഇന്ത്യൻ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച് കുഷ്ഠം, കോളറ, പ്ലേഗ് എന്നീ രോഗങ്ങൾക്കെതിരെ യുദ്ധം ചെയ്ത ഒരു ധീരവനിതാ ഡോക്ടർ ആയിരുന്നു ഐഡാ സ്കഡ്ഡർ. ഈ വനിതയാണ് 1918-ൽ, ഇന്ന് ഏഷ്യയിലെ ഏറ്റവും വലിയ മെഡിക്കൽ കോളേജ് ആയ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് വെല്ലൂർ പടുത്തുയർത്തുവാൻ ദൈവം ഉപയോഗിച്ചത്.

ഡോ.ജോൺ സ്കഡ്ഡർ ജൂനിയറിന്റെയും ഭാര്യ സോഫിയ സ്കഡ്ഡറിന്റെയും മകളായി ഇന്ത്യയിൽ ജനിച്ച ഐഡാ സ്കഡ്ഡർ, ഇന്ത്യയിലെ ആദ്യകാല അമേരിക്കൻ മെഡിക്കൽ മിഷനറിമാരിൽ പ്രമുഖനായിരുന്ന ജോൺ സ്കഡ്ഡർ സീനിയറിന്റെ കൊച്ചുമകളാണ്. 42ഓളം മിഷനറിമാരെ സമ്മാനിച്ച സ്കഡ്ഡർ കുടുംബത്തിൽ നിന്നും, ഇൻഡ്യയിലെ ദാരിദ്ര്യം, ജലപ്രളയം, പകർച്ചവ്യാധികൾ എന്നീ പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നവരിൽ ഒരാൾ കൂടിയാണ് ഐഡാ.

അമേരിക്കയിലെ മസാച്ചുസെറ്റിൽ ഉള്ള നോർത്ത് ഫീൽഡ് സെമിനാരിയിലെ തന്റെ വേദപഠനത്തിനുശേഷം, വിവാഹം കഴിച്ച് അമേരിക്കയിൽ തന്നെ സ്ഥിരതാമസമാക്കണമെന്ന ഉറച്ച തീരുമാനത്തിലായിരുന്നു ഐഡാ. എന്നാൽ, 1890ൽ, രോഗബാധിതയായി വിശ്രമിക്കുന്ന മാതാവിന്റെ അഭാവത്തിൽ തന്റെ പിതാവിനു സഹായത്തിനായി മാതാപിതാക്കളുടെ മിഷൻഫീൽഡായ ഇൻഡ്യയിലേക്ക് വരുവാൻ പത്തൊമ്പതുകാരിയായിരുന്ന ഐഡാ നിർബന്ധിതയായി.

ഒരിക്കലും ഒരു മിഷനറി ഡോക്ടർ ആകുകയില്ലെന്ന ഉറച്ചതീരുമാനം ഉണ്ടായിരുന്നെങ്കിലും പിതാവിന്റെ കൂടെയുള്ള ഇന്ത്യയിലെ താമസം ഈ തീരുമാനത്തിന് വ്യതിയാനം വരുത്തി. ഒരേ രാത്രിയിൽ മൂന്നു സ്ത്രീകൾ പ്രസവസമയത്ത് മരിച്ച ദാരുണമായ സംഭവത്തിൽ മെഡിക്കൽ ജ്ഞാനം ഇല്ലാത്ത തനിക്കു സഹായിക്കാൻ കഴിയാതെ പോയ കുണ്ഠിതം, തന്റെ തീരുമാനത്തിൽ നിന്നും വ്യതിചലിക്കുവാനും തന്റെ കണ്ണുതുറക്കുവാനും ഇടയാക്കി. ഈ അനുഭവം താനൊരു ഡോക്ടർ ആകണമെന്നും ഇന്ത്യയിൽ തന്നെക്കൊണ്ട് ദൈവത്തിന് ആവശ്യമുണ്ടെന്നും മനസ്സിലാക്കുവാൻ ഇടയായ ഐഡാ, തനിക്ക് വൈദ്യപഠനം ചെയ്യണമെന്ന് മാതാപിതാക്കളെ അറിയിക്കുകയുണ്ടായി

അങ്ങനെ അമേരിക്കയിലേക്ക് തിരിച്ചുപോയ ഐഡാ 1899ൽ ന്യൂയോർക്ക് സിറ്റിയിലുള്ള കോർണൽ മെഡിക്കൽ കോളേജിൽ നിന്നും മെഡിക്കൽ ബിരുദമെടുത്ത്, തന്റെ ഭാര്യയുടെ ഓർമ്മയ്ക്കുവേണ്ടി മൻഹാട്ടൻ ബാങ്കർ, സ്കെൽ കൊടുത്ത പതിനായിരം ഡോളറുമായി, വിവാഹമടക്കമുള്ള തന്റെ സ്വപ്നങ്ങളെല്ലാമുപേക്ഷിച്ച്, ഇന്ത്യയിലേക്ക് മടങ്ങി വന്നു. ആ പണം കൊണ്ട് സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ചെറിയ ക്ലിനിക്കും, മെഡിക്കൽ ഡിസ്പെൻസറിയും വെല്ലൂരിൽ തുടങ്ങി. ഇന്ത്യയിൽ മടങ്ങിയെത്തിയ തനിക്ക് 1902ൽ പിതാവിന്റെ വേർപാട് വളരെ ദു?ഖകരമായ അവസ്ഥയായിത്തീർന്നെങ്കിലും തന്റെ പരമപ്രധാനമായ ലക്ഷ്യത്തിൽ നിന്നും പിന്മാറാതെ രണ്ടുവർഷത്തിനുള്ളിൽ 5000 രോഗികളെ ചികിത്സിക്കുവാൻ ഇടയായി. 1902-ൽ മേരി ടാബർ സ്ക്കെൽ എന്ന പേരിൽ ഒരു ആശുപത്രി ഡോക്ടർ ഐഡാ ആരംഭിച്ചു.

ഇന്ത്യയിൽ സ്ത്രീകളുടെ ആരോഗ്യത്തിനും ഉന്നതിക്കും വേണ്ടിയുള്ള തന്റെ ഈ പോരാട്ടം ഒറ്റയ്ക്ക് തുടർന്നാൽ അത് വിഡ്ഢിത്തമായിരിക്കും എന്ന് മനസ്സിലാക്കിയ ഡോക്ടർ ഐഡാ പെൺകുട്ടികൾക്കുവേണ്ടിയുള്ള ഒരു മെഡിക്കൽ സ്കൂൾ തുടങ്ങുവാൻ തീരുമാനിച്ചു. ഇൻഡ്യൻ സ്ത്രീകൾക്ക് മെഡിക്കൽ ട്രെയിനിംഗ് കൊടുക്കുകയോ? അത് നിറവേറുകയില്ലാത്ത ഒരു സ്വപ്നമായി തോന്നിയെങ്കിലും, ആ പദ്ധതി മിഷൻ ബോർഡിനെക്കൊണ്ട് അംഗീകരിപ്പിക്കുകയും ഐഡാ സ്ക്കഡ്ഡർ ഒന്നാമത്തെ പ്രിൻസിപ്പാളായി സ്ഥാനമേറ്റെടുക്കുകയും ചെയ്തു. 1918-ൽ ഈ മെഡിക്കൽ സ്ക്കൂൾ തുറന്നു പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ ബാച്ചിൽ 14 പേർ ഗ്രാജുവേറ്റ് ചെയ്തു.

വെല്ലൂർ ഹോസ്പിറ്റൽ ആധുനിക ചികിത്സാ സൗകര്യങ്ങളോടും കൂടുതൽ വാർഡുകളോടും കൂടി വളർന്നുകൊണ്ടേയിരുന്നു. 1924-ൽ ഈ ഹോസ്പിറ്റൽ സിറ്റിയ്ക്കു പുറത്തുള്ള 200 ഏക്കർ കാമ്പസിലേക്ക്

മാറ്റി പണിയുകയും, 1928 മാർച്ച് മാസത്തിൽ മദ്രാസ് ഗവർണർ ഹോസ്പിറ്റലിന്റെ പ്രതിഷ്ഠ നടത്തുകയും ചെയ്തു. ലൈസൻസ്ഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സ്, ഡിപ്ലോമ മെഡിക്കൽ സ്ക്കൂൾ എന്നിവ ആരംഭിച്ചു. ഡിഗ്രി കോഴ്സ് ഉള്ള മെഡിക്കൽ കോളേജ് ആയി ഉയർത്തുക എന്നുള്ളത് തന്റെ ഏറ്റവും വലിയ ഒരു സ്വപ്നമായിരുന്നു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും, ഡിപ്ലോമ കോഴ്സ് സ്വീകാര്യമല്ല എന്ന ആശയം വന്നതോടെ ഈ കാര്യത്തിനു ഏറ്റവും ആവശ്യകത ഉണ്ടായി. ശക്തമായ എതിർപ്പുകൾ അമേരിക്കൻ മിഷൻ ബോർഡിൽ നിന്നും മറ്റും ഉണ്ടാകുകയും, അനേകം വാദപ്രതിവാദങ്ങൾക്ക് ഈ പ്ലാൻ സാക്ഷ്യം വഹിക്കേണ്ടിവരികയും ചെയ്തെങ്കിലും അവസാനം 1942-ൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള ഡിഗ്രി കോളേജിന് അനുമതി ലഭിച്ചു. ആൺകുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ മെഡിക്കൽ കോളേജ് 1947-ൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ നിലവിൽ വന്നു. ക്രമേണ ഇത് വിപുലീകരിക്കപ്പെടുകയും മെഡിക്കൽ, പാരാമെഡിക്കൽ, നേഴ്സിംഗ് എന്നീ നിലകളിലായി 80 ഓളം ട്രെയിനിംഗ് പ്രോഗ്രാമുകൾ ഉണ്ടാകുകയും ചെയ്തു.

വെല്ലൂർ മെഡിക്കൽ കോളേജ് ഇന്ന് അന്താരാഷ്ട്ര പ്രശസ്തി പ്രാപിച്ചിരിക്കുന്നു എന്നു മാത്രമല്ല, ലോകത്തിന്റെ നാനാഭാഗത്തു നിന്നും ഡോക്ടർമാർ ആധുനിക ചികിത്സാരീതികൾ പഠിക്കുവാൻ ഇവിടെ വന്നു ചേരുന്നു. കുഷ്ഠരോഗ റീഹാബിലിറ്റേഷൻ പ്രോഗ്രാമിന് പ്രശസ്തിയാർജ്ജിച്ച വെല്ലൂർ മെഡിക്കൽ കോളേജ്, കുഷ്ഠം മൂലം കൈകാലുകളിലും മുഖത്തും ഉണ്ടാകുന്ന വൈകല്യങ്ങൾക്ക് സർജറിയും ചെയ്തു വരുന്നു.

ഐഡാ സ്കഡ്ഡറുടെ മിഷൻ ദർശനത്തിനും കഠിനാധ്വാനത്തിനും ത്യാഗമനോഭാവത്തിനും പ്രസ്തുത സ്ഥാപനം സാക്ഷ്യം വഹിക്കുന്നു. വെല്ലൂർ മെഡിക്കൽ കോളേജിലെ ഉത്തരവാദിത്തങ്ങളിൽനിന്നും വിരമിച്ചതിനെ തുടർന്ന്, ഡോക്ടർ ഐഡാ ദീർഘനാളുകളായി താൻ നടത്തിവന്ന ബൈബിൾ ക്ലാസുകളിലും മറ്റ് ആത്മീയ കാര്യങ്ങളിലും വ്യാപൃതയായി സമയം ചെലവഴിച്ചു. 1960 മെയ് മാസം 24-ാം തിയ്യതി തന്റെ 90-ാം വയസ്സിൽ ആ ധീരവനിത തന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരുടെ ഇടയിൽ നിന്നും, തന്റെ പ്രിയപ്പെട്ട രോഗികളുടെയും വിദ്യാർഥികളുടെയും സഹപ്രവർത്തകരുടെയും ഇടയിൽ നിന്നും, ഈ ലോകത്തിലെ തന്റെ ഓട്ടത്തിനും അധ്വാനത്തിനും പ്രതിഫലം വച്ചിരിക്കുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**മാനുവൽ പി. ജോസഫ്**

# ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും

ഏറ്റവും യോഗ്യനായ ഒരിടയന്റെ സ്വത്തായിരിക്കുന്ന ആടിന്റെ ഒരു വർഷക്കാലത്തെ ജീവിതരീതി മുഴുവനായി പരാമർശിക്കുന്ന ഈ സങ്കീർത്തനത്തിന്റെ അന്ത്യം ഏറ്റവും മനോഹരമായിരിക്കുന്നു. ആണ്ടിന്റെ ആരംഭം മുതൽ അവസാനംവരെയും നന്നായി പരിപാലിച്ച ഇടയന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ച്, സംതൃപ്തി പ്രാപിച്ച ആടിന് ശേഷിച്ചത് ഒരാഗ്രഹം മാത്രം. ഈ നല്ല ഇടയനോടൊന്നിച്ച് ജീവകാലം മുഴുവനും കഴിക്കുന്നത് എത്രയോ സന്തോഷകരമാണ്.

നല്ല ഇടയനായ യഹോവയുടെ ആലയത്തിൽ സദാകാലം വസിക്കാനുള്ള വാഞ്ഛയാണ് ദാവീദിനുണ്ടായിരുന്നത്. ചില തർജ്ജമകളിൽ 'യഹോവയുടെ സന്നിധിയിൽ' എന്നാണ് കാണുന്നത് 'ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും: ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും' എന്ന് ദാവീദ് 17-ാം സങ്കീർത്ത നത്തിൽ പറഞ്ഞിരിക്കുന്നു. കോരഹ് പുത്രന്മാരുടെയും ആഗ്രഹം ഇതുതന്നെ ആയിരുന്നു. (സങ്കീ. 84:4,10).

വിശ്വാസികളായ നമുക്കും സർവ്വസമ്പൂർണ്ണനായ ക്രിസ്തു എന്ന ഇടയനാണുള്ളത്. നാം അവന്റെ സ്വത്താണ്. 'നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.' (യോഹ. 10:11) നമുക്കായി തന്റെ വിലയേറിയ രക്തം കാൽവറി ക്രൂശിൻമേൽ ചൊരിഞ്ഞ് ജീവനെ നല്കി നമ്മെ വീണ്ടെടുത്ത നമ്മുടെ അരുമനാഥൻ കൂരിരുളിലും തന്റെ ദിവ്യപ്രകാശത്തിൽ നമ്മെ ജയോത്സവമായി വഴി നടത്തുന്നു. ആനന്ദത്തിന്റെയും സമൃദ്ധിയുടെയും ദിനങ്ങൾ, കണ്ണുനീരിന്റെയും വേദനയുടെയും ദിനരാത്രങ്ങൾ, ശത്രുക്കളിൽ നിന്ന് ഭീഷണി നേരിട്ട സന്ദർഭങ്ങൾ, ഈ സമയങ്ങളിലെല്ലാം നമ്മെ വിട്ടുപിരിയാതെ സദാ കാത്തു പാലിക്കുന്ന നമ്മുടെ നല്ല ഇടയൻ നമുക്ക് മതിയായവൻ. അവൻ നമുക്കു മുമ്പായി നടന്ന് കല്ലും മുള്ളുമുള്ള പാതകൾ നിരപ്പാക്കിത്തരുന്നു. നമ്മുടെ കഷ്ടതയിലൊക്കെയും അവൻ കഷ്ടപ്പെട്ടു തന്റെ സ്നേഹത്തിലും കനിവിലും നമ്മെ വീണ്ടെടുത്തു (യെശയ്യ 63:9). നമ്മുടെ പ്രത്യാശയോ നമ്മുടെ കർത്താവിന്റെ സന്നിധിയിൽ എന്നേക്കും വസിപ്പാനും അവന്റെ പൊൻമുഖദർശന ത്താൽ ആനന്ദിപ്പാനുമത്രേ.

പാർസി രാജാവായ കോരേശിനെക്കുറിച്ച് ഒരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹം യുദ്ധത്തിൽ അടിമയായി പിടിച്ച ഒരു രാജകുമാരനെയും കുടുംബത്തേയും വിചാരണയ്ക്കായി തന്റെ മുമ്പാകെ കൊണ്ടുവന്നു. 'ഞാൻ നിനക്കു വിടുതൽ തന്നാൽ നീ എനിക്കെന്തു തരും?' എന്ന് ചക്രവർത്തി രാജകുമാരനോട് ആരാഞ്ഞു 'എന്റെ സ്വത്തിന്റെ പകുതി അങ്ങേക്ക് തരാം' എന്ന് രാജകുമാരൻ പറഞ്ഞു.' നിന്റെ മക്കളെക്കൂടി വിട്ടു തന്നാൽ നീ എന്തു തരും? ചോദ്യത്തിന് 'എനിക്കുള്ള സ്വത്തുമുഴുവൻ അങ്ങേയ്ക്കു തരാം' എന്ന മറുപടിയാണ് ലഭിച്ചത്. 'നിന്റെ ഭാര്യയ്ക്കു വിടുതൽ തന്നാൽ നീ എന്താണ് തരുന്നത്" എന്ന് ചക്രവർത്തി ചോദിച്ചു. 'തിരുമേനീ, ഞാൻ അങ്ങേയ്ക്കായി എന്നെ തന്നെ സമർപ്പിക്കും' എന്നാണു രാജകുമാരൻ പറഞ്ഞത്. അയാളുടെ നിസ്വാർത്ഥപരമായ സ്നേഹം ചക്രവർത്തിയുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. കുമാരനും കുടുംബത്തിനും സമ്പൂർണ്ണ വിടുതൽ ലഭിച്ചു.

കുറേ ദൂരം യാത്ര ചെയ്ത ശേഷം രാജകുമാരൻ ഭാര്യയോടു ചോദിച്ചു. 'കോരേശ് ചക്രവർത്തി അതീവ സുന്ദരനല്ലേ'? അവളുടെ മറുപടി ഇപ്രകാരമായിരുന്നു. "അദ്ദേഹത്തിന്റെ മുഖത്തേക്കു ഞാൻ നോക്കിയില്ല. എനിക്കു വേണ്ടി സ്വജീവനെ ബലികഴിപ്പാൻ തയ്യാറായ അങ്ങയുടെ മുഖം മാത്രമേ ഞാൻ കണ്ടുള്ളൂ".

ഇടയനില്ലാത്ത ആടുകളെപ്പോലെ 'കുഴഞ്ഞവരും ചിന്നിയവരുമായ' നമ്മെ കണ്ടിട്ട് നമ്മുടെ നല്ല ഇടയൻ നമ്മെ രക്ഷിപ്പാൻ മനസ്സലിഞ്ഞു. ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നവനായ നമ്മുടെ നല്ല ഇടയൻ തൻ ജീവനെ നല്കിയാണ് നമ്മോടുള്ള മഹാസ്നേഹം പ്രദർശിപ്പിച്ചത്. മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു രാജാധിരാജാവും കർത്താധികർത്താവുമായി വാഴുമ്പോൾ അവന്റെ സന്നിധിയിൽ എന്നേക്കും ആനന്ദിപ്പാൻ അവൻ നമുക്കു കൃപ നല്കട്ടെ. നമ്മുടെ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിപ്പാൻ നമ്മെത്തന്നെ ഒരുക്കാം. അങ്ങനെ അവന്റെ മുഖപ്രകാശത്തിൽ ആനന്ദിപ്പാനും തിരുസന്നിധിയിൽ സദാകാലം വസിക്കുവാനും അവന്റെ മക്കൾക്ക് അവൻ പദവി നല്കിയിരിക്കുന്നു. 'അവന്റെ ദാസന്മാർ അവനെ ആരാധിക്കും, അവർ അവന്റെ മുഖം കാണും. അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും. അവർ എന്നെ ന്നേക്കും രാജാക്കന്മാരായിരിക്കും.' (വെളി. 22:4,5) ഈ ആലോച നകളാൽ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആമേൻ, കർത്താവായ യേശുവേ വരേണമേ.

**മേരി അഞ്ചൻ**

# ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ ?

നൂറ്റാണ്ടുകളായി മാനവജാതിയുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഒരു ചോദ്യമാണ് 'ഞാൻ എന്റെ അനുജന്റെ (സഹോദരന്റെ)) കാവൽക്കാരനോ?' എന്നത്.

വിശുദ്ധ വേദപുസ്തകത്തിലെ ഉൽപത്തി പുസ്തകം 4:9 ലാണ് നാം ഈ ചോദ്യം ആദ്യമായി കേൾക്കുന്നത്. ഇവിടെ നാം രണ്ടു സഹോദരന്മാരെ കാണുന്നു. കയീനും ഹാബേലും. കയീൻ കൃഷിക്കാരനും ഹാബെൽ ആട്ടിടയനുമായിരുന്നു. രണ്ടുപേരും യഹോവയ്ക്കു വഴിപാട് അർപ്പിക്കുന്നു. കയീൻ തന്റെ കാർഷികവിഭവങ്ങളിൽ നിന്നും തിരഞ്ഞെടുത്തത്, ഹാബെൽ ആകട്ടെ, ഒരാട്ടിൻ കുട്ടിയെയും. യഹോവ ഹാബെലിന്റെ വഴിപാടിൽ പ്രസാദിക്കുന്നതായും കയീന്റെ വഴിപാട് തിരസ്കരിക്കുന്നതുമായി നാം വായിക്കുന്നു.

കയീന്റെ വഴിപാട് തിരസ്കരിച്ചത് എന്തുകൊണ്ടായിരിക്കാം? യഹോവയായ ദൈവത്തിന് കാർഷികവിഭവങ്ങൾ ഇഷ്ടമില്ലാത്തതു കൊണ്ടാണോ? ഒരിക്കലുമല്ല. അതിന്റെ കാരണം ദൈവം തന്നെ സൂചിപ്പിക്കുന്നുണ്ട്: പാപം വാതിൽക്കൽ കിടക്കുന്നു. അതായത്, കയീന്റെ ഹൃദയത്തിൽ പാപചിന്തകൾ ഉണ്ടായിരുന്നു എന്നർത്ഥം. ദൈവം പ്രസാദിക്കുന്നത് വഴിപാടിലല്ല, അത് അർപ്പിക്കുന്ന വ്യക്തിയുടെ മനോഭാവത്തിലാണ്.

തുടർന്ന് കയീൻ ഹാബെലിനെ കൊന്ന് മറവുചെയ്യുന്നു. 'നിന്റെ അനുജൻ എവിടെ?' എന്ന് ദൈവം ചോദിക്കുമ്പോൾ കൊടുക്കുന്ന മറുപടിയാണ് 'ഞാൻ എന്റെ അനുജന്റെ കാവൽകാരനോ?' എന്നത്.

ആ സംഭവത്തോടെ കയീൻ ദൈവസന്നിധിയിൽനിന്നും നിഷ്കാസിതനാകുന്നു. ഉൽപത്തി 13,14,19 അദ്ധ്യായങ്ങളിൽ മറ്റു രണ്ടു സഹോദരങ്ങളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു അബ്രാഹാമും ലോത്തും. ലോത്ത് അബ്രാഹാമിന്റെ സഹോദരപുത്രൻ ആയിരുന്നെങ്കിലും തന്റെ ഇളയ സഹോദരനെപ്പോലെയാണ് അബ്രാഹാം ലോത്തിനെ കരുതിയിരുന്നത് (ഉൽപ: 13:9). അബ്രാഹാമിന്റെയും ലോത്തിന്റെയും ഇടയന്മാർക്കു തമ്മിൽ പിണക്കം ഉണ്ടായപ്പോൾ അബ്രാഹാം അത് ശാന്തമായി കൈകാര്യം ചെയ്യുന്നു. 'ദേശമെല്ലാം

നിന്റെ മുമ്പാകെ ഇല്ലയോ? നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട്' എന്നുപറഞ്ഞു അവർ രമ്യമായി പിരിയുന്നു. ലോത്ത് സോദോമിൽ ചെന്നെത്തുന്നു.

എന്നാൽ തുടർന്നും അബ്രാഹാം ലോത്തിന്റെ കാവൽക്കാരനായി വർത്തിക്കുന്നു. സോദോമിന്റെ ചുറ്റുപാടുമുള്ള ചില രാജ്യങ്ങൾ ഒത്തുകൂടി ആക്രമിച്ച് ലോത്തിനെയും അവനുള്ള സകലത്തെയും അപഹരിച്ചു കൊണ്ടുപോയപ്പോൾ അബ്രാഹാമാണ് ലോത്തിന്റെ രക്ഷകനായി വന്നത്. തന്റെ ആജ്ഞാനുവർത്തികളായ അഭ്യാസികളുമായി ശത്രുക്കളെ പിന്തുടർന്നു തോല്പിച്ച് ലോത്തിനെയും അവനുള്ള സകലത്തിനെയും വീണ്ടെടുക്കുകയാണ് ഉണ്ടായത്. ഉൽപത്തി 18, 19 അദ്ധ്യായങ്ങളിൽ സോദോമിന്റെ നാശത്തേക്കുറിച്ച് അബ്രാഹാമിനുണ്ടായ മുന്നറിയിപ്പ്, ലോത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള അബ്രാഹാമിന്റെ ഇടപെടൽ, ആയതിനെ തുടർന്നു ദൈവം ചെയ്ത വിട്ടുവീഴ്ചകൾ എന്നിവയെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. ഇങ്ങനെ അബ്രാഹാം എല്ലായ്പ്പോഴും തന്റെ 'സഹോദര'ന്റെ കാവൽക്കാരനായിത്തന്നെ കാണപ്പെട്ടു

പുറപ്പാട് 2:11-ൽ മോശെ തന്റെ സഹോദരന്മാരുടെ അടുക്കൽചെന്ന് അവരുടെ ഭാരമുള്ള വേല നോക്കി നിയമം കൈയിലെടുക്കാൻ ശ്രമിച്ചതായി നാം വായിക്കുന്നു. അതിന്റെ ആദ്യപടിയായിട്ടാണ് തന്റെ സഹോദരന്മാരിൽ ഒരുവനെ ഉപദ്രവിച്ച മിസ്രയീമ്യനെ കൊന്നു കുഴിച്ചുമൂടിയത്. എന്നാലത് ദൈവഹിത പ്രകാരമായിരുന്നില്ല. എങ്കിലും നാൽപതു വർഷങ്ങൾക്കുശേഷം ഇതേ മോശെയ്ക്കു ഇസ്രായേൽ ജനതയെ ഫറവോന്റെ അടിമത്തത്തിൽ നിന്നും വീണ്ടെടുക്കാനുള്ള മഹാനിയോഗം യഹോവയായ ദൈവത്തിൽനിന്നും ലഭിക്കുകയുണ്ടായി. അങ്ങനെ മോശെ സഹോദരന്മാരുടെ കാവൽക്കാരനായിത്തീർന്നു.

ആരൊക്കെയാണ് നമ്മുടെ സഹോദരീ സഹോദരന്മാർ?

'ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു' (സങ്കീ. 133:1.) 'എന്റെ അമ്മയും സഹോദരന്മാരും ആർ? ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ അമ്മയും സഹോദരനും സഹോദരിയും' (മർക്കൊ. 3:33-35). കർത്താവായ യേശുവിന്റെ വാക്കുകളാണിവ.

'സഹോദരന്മാരായ പുരുഷന്മാരേ' (അപ്പൊ. പ്ര. 1:16). പത്രോസ് 120 പേരുള്ള സംഘത്തെ അഭിസംബോധന ചെയ്യുകയാണ്. പുതിയനിയമത്തിൽ അനേകം ഇടങ്ങളിൽ 'സഹോദരന്മാർ' എന്ന സംബോധന കാണ്മാൻ കഴിയും.

ഇവിടെ നാം പ്രധാനമായി പ്രതിപാദിച്ചത് ഭവനങ്ങൾക്കും കുടുംബങ്ങൾക്കും അതീതമായി ദൈവമക്കൾക്കു തമ്മിലുള്ള സാഹോദര്യ ബന്ധത്തേക്കുറിച്ചാണ്. അതിനപ്പുറത്തുള്ള രാഷ്ട്ര മത സഹോദര്യത്തേക്കുറിച്ചും വിശ്വസഹോദര്യത്തേക്കുറിച്ചും വാചാലമായ പ്രസംഗങ്ങളും പ്രസ്താവനകളും പലപ്പോഴും നാം കേൾക്കാറുണ്ട്. എന്നാൽ അവയൊന്നും നമ്മുടെ വിഷയപരിധിയിൽ ഉൾപെടുത്തി യിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു.

- സഹോദരന്മാരുടെ കടമകൾ:
- പരസ്പരം സ്നേഹിക്കുക
- അന്യോന്യം ആവോളം സഹകരിക്കുക
- ഇളയ സഹോദരന്മാർക്ക് നല്ല മാതൃക നമ്മുടെ ജീവിതത്തിൽകൂടി കാണിച്ചുകൊടുക്കുക.
- മറ്റുള്ളവരേ നമ്മാലാവോളം കരുതുക
- ശ്ലാഹിക്കേണ്ട സന്ദർഭങ്ങളിൽ ശ്ലാഹിക്കയും തിരുത്തേണ്ട സന്ദർഭങ്ങളിൽ സ്നേഹപൂർവ്വം തിരുത്തുകയും ചെയ്യുക.
- പരസ്പരം ഉണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങൾ സൗമ്യത യോടെ കൈകാര്യം ചെയ്തു പരിഹരിക്കുക.
- അപവാദ പ്രചാരണങ്ങളിൽ നിന്നൊഴിഞ്ഞ് നില്ക്കയും അവയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

ഉപസംഹാരം: കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാൻ കഴിയാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയു ന്നതല്ല. മഹാകവി ഉള്ളൂർ എസ് പരമേശ്വര ഐയ്യർ തന്റെ പ്രേമസംഗീതം എന്ന കവിതയിൽ ഇങ്ങനെ പാടി : 'അടുത്ത് നിൽപ്പോര നുജനെ നോക്കാൻ അക്ഷികൾ ഇല്ലാത്തോർക്കരൂപൻ ഈശ്വരൻ അദൃശ്യൻ ആയാൽ അതിലെന്താശ്ചര്യം?' ഞാൻ എന്റെ വാക്കുകളെ ഇവിടെ ഉപസംഹരിക്കുന്നു. 'ഞാൻ എന്റെ സഹോദരന്റെ കാവൽ ക്കാരനോ?' എന്ന് ചോദ്യത്തിന് ഇതിനോടകം നിങ്ങൾക്ക് ഉത്തരം ലഭിച്ചിരിക്കുന്നുവെന്നു വിശ്വസിക്കട്ടെയോ?

**ജോർജ് ജോൺ, തിരുവനന്തപുരം**

# വിപ്ലവം ഒരു ആശയമല്ല പ്രവൃത്തിയാണ് !

യേശുവും ശമര്യസ്ത്രീയും : ഒരു അവലോകനം (യോഹന്നാൻ 4:4-42).

യേശുവിന്റെ ജീവിതവും പ്രവർത്തനവും വിപ്ലവകരമായതു പോലെ യാത്രകളിൽ കണ്ടുമുട്ടിയവരുടെ ജീവിതത്തെ സ്വാധീനിച്ചതും മാറ്റിമറിച്ചതും വിപ്ലവകരമാണ്, അവ ഏറെ ശ്രദ്ധേയമാണ്. ഇക്കൂട്ടരിൽ ശമര്യാസ്ത്രീ ഒരു മഹനീയ വ്യക്തിയാണ്. യഹൂദരും ശമര്യരും തമ്മിൽ വംശപരമായി വ്യത്യാസങ്ങളുണ്ട്. എന്നാൽ ആരാധനാസാമ്യങ്ങളുണ്ട്, അതിലുപരി ആത്മീയ സത്യങ്ങളുണ്ട്, ഇരുകൂട്ടരും ഒരേ ദൈവത്തിൽ വിശ്വസിക്കുന്നു.

യഹൂദയിൽ നിന്നും ഗലീലയിലേക്ക് വിവിധ യാത്രാ മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. സ്വാഭാവികമായി യഹൂദന്മാർ ശമര്യയിലൂടെയുള്ള യാത്ര തിരഞ്ഞെടുത്തിരുന്നില്ല. മിശ്രവിവാഹ തലമുറകൾ ജീവിച്ചിരുന്ന സ്ഥലമായതിനാൽ ശമര്യയെ അശുദ്ധ സ്ഥലമായി യെഹൂദ്യർ പരിഗണിച്ചിരുന്നു. ഇക്കൂട്ടരുമായി യാതൊരുവിധ സമ്പർക്കവും യെഹൂദ്യർ പുലർത്തിയിരുന്നില്ല. എന്നാൽ ശമര്യാ പട്ടണത്തിലൂടെ യേശു മനഃപൂർവമായി ഒരു യാത്ര തിരഞ്ഞെടുക്കുവാൻ മൂന്നു പ്രധാന കാരണങ്ങൾ ഉണ്ടാവും. ഒന്ന് യേശു നടന്ന് ക്ഷീണിച്ചിരുന്നു. രണ്ട്, യേശുവും ശിഷ്യഗണവും വിശന്നിരുന്നു. മൂന്നാമതായി, ഈ യാത്ര ദൈവികപദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നു.

അവഗണിക്കപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ട, അതിൽ ഏറ്റവും ഉപരിയായി, എല്ലാവരിൽ നിന്നും സ്വയം മാറിനിന്ന ഒരു വ്യക്തിയെ യേശു യാത്രയിൽ കണ്ടെത്തി. ആ വ്യക്തിയിലൂടെ ഒരു സമൂഹത്തെയും ഒരു ജനതയെയും തേടിയുള്ള വിപ്ലവകരമായ ഒരു യാത്ര യേശു തിരഞ്ഞെടുത്തു. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" എന്ന യേശുക്രിസ്തുവിന്റെ ആഗമന ഉദ്ദേശ്യം ഇവിടെ സാക്ഷാത്കരിക്കുന്നു. യാത്രാമദ്ധ്യേ ഈ സ്ത്രീയെ കണ്ടുമുട്ടുന്നതും അവളുമായുള്ള സുദീർഘ സംഭാഷണവും ആണ് ഇതിവൃത്തം. ജാതി വ്യവസ്ഥയുടെ വ്യത്യാസങ്ങൾ അതിർ വരമ്പുകൾ, ശക്തമായിരുന്നപ്പോൾത്തന്നെ ദാഹജലം, വിശപ്പിനുള്ള ആഹാരം, ദാമ്പത്യ ജീവിതം, ആരാധനാ സ്ഥലം, രക്ഷകനായ മശിഹായെക്കുറിച്ചുള്ള പ്രതീക്ഷ എന്നിവയെല്ലാം ഇരുവരുടെയും ആശയവിനിമയത്തിലെ വിഷയങ്ങളായിത്തീർന്നു.

ഈ സുദീർഘ സംഭാഷണത്തിൽ ശമര്യാസ്ത്രീയോടുള്ള യേശുവിന്റെ മനോഭാവവും സമീപനവും ആശ്ചര്യകരമാണ്, അത് പ്രശംസനീയവും അനുകരണീയവുമാണ്. തുടർച്ചയായി ദാമ്പത്യ പരാജയം അനുഭവിച്ച ഒരു സ്ത്രീയുടെ ഹൃദയത്തിന്റെ താളത്തിന്റെയും വികാരത്തിന്റെയും വേലിയേറ്റം അഥവാ വ്യതിയാനങ്ങൾ സത്യമായി മനസ്സിലാക്കുന്ന യേശുവിന്റെ സമീപനരീതി ഏറെ ചിന്തിപ്പിക്കുന്നതാണ്. മറ്റുള്ളവർക്കൊപ്പം പരസ്യമായി ഇറങ്ങി നടക്കാനുള്ള സ്വാതന്ത്ര്യമോ ആത്മവിശ്വാസമോ ഈ സ്ത്രീക്ക് ഇല്ലായിരിക്കാം, അവഗണനയും മാറ്റിനിർത്തപ്പെട്ട അനുഭവങ്ങളും ഉണ്ടായിരിക്കാം. എന്നാൽ ദൈവപുത്രനായ യേശുവിന്റെ സമീപനം അവൾക്കു അത്ഭുതവും ഹൃദയത്തിനു ആശ്വാസവും പകർന്നു.

ബഹുമാനം നിലനിർത്തിയും, ഒരു മനുഷ്യൻ ആയിരിക്കുന്ന അവസ്ഥയിൽ വിമർശനങ്ങളോ കുറ്റപ്പെടുത്തലുകളോ , അകൽച്ചയോ കൂടാതെ ഹൃദ്യമായി അവളോട് സംഭാഷണം പുരോഗമിപ്പിക്കുകയാണ് യേശു ചെയ്തത്. സംഭാഷണമദ്ധ്യേ ശമര്യാസ്ത്രീയുടെ ദാമ്പത്യ ജീവിതത്തിന്റെ യഥാർത്ഥ അവസ്ഥ യേശു തുറന്നുകാണിച്ചശേഷം യേശു അവളെ സ്നേഹത്തോടെ ചേർത്ത് നിർത്തുകയാണുണ്ടായത്. അത് അവൾക്കു ഒരു സ്നേഹവാനായ ദൈവത്തിന്റെ തൂവൽസ്പർശമായി അനുഭവിച്ചു. പാപത്തിന്റെ യാതൊരു കലർപ്പും ഇല്ലാതെ തികച്ചും പക്വതയിലും സ്നേഹത്തിലും യേശു അവളോട് സംസാരിക്കുന്നു. (യേശു 100% ദൈവവും 100% മനുഷ്യനും ആയിരുന്നു എന്നാൽ ജഡത്തിന്റെ ഇച്ഛകൾക്കു യേശു വിധേയപ്പെട്ടില്ല)

ശമര്യാസ്ത്രീക്കു യേശുവിന്റെ ഇടപെടലിൽ യാതൊരുവിധ മുഷിച്ചിലും ഉണ്ടായില്ലെന്ന് മാത്രമല്ല, കൂടുതൽ ആത്മവിശ്വാസത്തോടെ തുറന്നു സംസാരിക്കാൻ ധൈര്യവും അവസരവും ലഭിച്ചു. ഒരുപക്ഷേ അവളുടെ ജീവിതത്തിൽ ആദ്യമായിട്ടായിരിക്കാം മറ്റൊരു പുരുഷനിൽ നിന്നോ, വ്യക്തിയിൽ നിന്നോ ഇത്രയും കരുതലോടെ ദീർഘമേറിയ ഒരു ആശയവിനിമയ സാഹചര്യം ലഭിച്ചത്. എന്നാൽ, ഈ അത്യാധുനിക കാലഘട്ടത്തിൽ, എല്ലാ തലത്തിലും ഉന്നത നിലവാരവും അറിവുമുള്ള ആത്മീയ ഉന്നതിയിൽ അവകാശപ്പെടുന്നവരിൽ പലരും ഇന്നും ഇപ്രകാരമുള്ളവരെ (സ്ത്രീപുരുഷ ഭേദമെന്യേ) ആത്മീയതയുടെ പേരിൽ മാറ്റിനിർത്തുന്ന സ്ഥിതിവിശേഷം ഉണ്ടെന്നുള്ളത് ഏറെ ഖേദകരമാണ്.

സമൂഹത്തിലെ ഒറ്റപ്പെടുത്തൽ: ശമര്യാസ്ത്രീ വെള്ളം കോരുവാൻ വന്നത് കൊടും ചൂടുള്ള ഉച്ച സമയത്താണ്. യഹൂദന്മാരുടെ സമയക്രമം അനുസരിച്ച് ആണെങ്കിൽ ആറാം മണി നേരം എന്നത്

കണക്ക് പ്രകാരം നട്ടുച്ച നേരമാണ്, (ഏകദേശം 12 മണി). കൊടും ചൂടുള്ള സമയത്ത് ഒരു സ്ത്രീ ഏകയായി വെള്ളം കോരുവാൻ പരസ്യമായി വരുന്നത് തികച്ചും അസാധാരണമാണ്. പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ആവർത്തിച്ചുള്ള ദാമ്പത്യപരാജയം കാരണമുള്ള അപമാനഭാരത്താൽ സമൂഹത്തിൽ അവൾ ഒരു പരിഹാസ്യ കഥാപാത്രമായിരിക്കാം. സാധാരണ ഗതിയിൽ, ഇവരുടെ സംസ്കാര പ്രകാരം സ്ത്രീകൾ ഒരുമിച്ച് രാവിലെയോ വൈകുന്നേരമോ മാത്രമാണ് വെള്ളം സംഭരിക്കുവാൻ പോകുന്നത്. ഈ രണ്ട് കാര്യങ്ങളും ശമര്യാ സ്ത്രീ ലംഘിക്കുന്നു: കാരണം, സമൂഹത്തിന്റെ പരിഹാസത്തേക്കാളും ഒറ്റപ്പെടുത്തലിനേക്കാളും അവഗണനയേക്കാളും കൊടുംചൂടും, ഏകാന്തതയും സഹനീയം, ആശ്വാസം എന്നു ഈ സ്ത്രീ ദൃഢമായി കരുതിയിരിക്കണം. എന്നാൽ ഹൃദയത്തിന്റെ സ്പന്ദനം അറിയുന്ന സ്നേഹവാനും കരുണാമയനുമായ യേശു മനഃപൂർവമായി അഥവാ ദൈവിക പദ്ധതി പ്രകാരം അവളുമായി സംഭാഷണത്തി ലേർപ്പെടുകയും ചെയ്യുന്നു.

യേശുവിനെ ആദ്യം യെഹൂദൻ എന്നും പിന്നീട് ഗുരു, പ്രവാചകൻ, ഒടുവിൽ മശിഹാ എന്നാൽ ക്രിസ്തു വരും എന്ന് അറിയുന്നു എന്ന അവളുടെ ശരിയായ ആത്മീയ അറിവ് ഘട്ടം ഘട്ട മായി വെളിപ്പെടുത്തുന്നു. ഈ ഭാഗത്തിന്റെ ഒരു ക്ലൈമാക്സ് എന്നവണ്ണം ക്രിസ്തു എന്ന വ്യക്തി ആരെന്നു വെളിപ്പെടുത്തുന്നു അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും (4:25) അതിനു യേശു, നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ 'മശിഹ' (4:26). സ്വയം വെളിപ്പെടുത്തുന്ന യേശുക്രിസ്തു തന്നിലേക്ക് ജനത്തെ ആകർ ഷിക്കുന്നു.

യേശുവിനെ നാം എപ്രകാരം അടുത്തറിയുന്നു? യേശുക്രിസ്തു നമുക്ക് ഇന്ന് രക്ഷകൻ നാഥൻ, നമ്മുടെ ജീവിതത്തിന്റെ അവസ്ഥകൾ അടുത്തറിഞ്ഞു നമ്മെ സ്നേഹിക്കുന്ന ഉത്തമ സ്നേഹിതൻ അല്ലേ !!! പുതിയ നിയമത്തിൽ ആരാധനയെപറ്റി ആഴമേറിയ പ്രസക്ത സത്യം രേഖപ്പെടുത്തിയിരിക്കുന്നതാണ് ഈ ഭാഗം. ദൈവം ആത്മാവാകുന്നു അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം (യോഹ 4:24). യേശുവും ശമര്യാസ്ത്രീയും ആരാധനയെപ്പറ്റി മനോഹരമായി സംസാരിക്കുന്നുണ്ട്. ആരാധനാ പ്രദേശം സ്ഥലം എന്നിവയ്ക്കു ഇന്നെന്നപോലെ അന്നും പ്രാധാന്യം നല്കി സംസാരിച്ചപ്പോൾ, വിപ്ലവ നായകൻ ഒരു പുനർനിർവചനം ആരാധനയ്ക്കു നല്കി. ആരെ ആരാധിക്കണം എങ്ങനെ

ആരാധിക്കണം (സത്യത്തിലും ആത്മാവിലും) എന്ന് ആരാധനയ്ക്ക് യോഗ്യനായ യേശു തന്നെ അവളുടെ പാരമ്പര്യ ചിന്തയെ തിരുത്തി.

എന്നാൽ വിവിധ സഭാ വിഭാഗങ്ങളിലും ആരാധനയ്ക്കായി ദൈവ സാന്നിധ്യം പ്രത്യേക സ്ഥലങ്ങളിലോ (തീർത്ഥാടന കേന്ദ്രങ്ങൾ) പ്രത്യേക സമയങ്ങളിലോ (ഉത്സവങ്ങൾ പെരുന്നാളുകൾ) ഉണ്ടെന്ന് ഇന്നും വിശ്വസിക്കുമ്പോൾ അപ്രകാരം ആചരിക്കുമ്പോൾ സ്ഥലകാല ഭേദമന്യേ ഏവർക്കും ഇപ്പോഴും ദൈവം സമീപസ്ഥനായിരിക്കുന്നു വെന്ന നഗ്നസത്യം ക്രിസ്തുവെന്ന വിപ്ലവനായകൻ വെളിപ്പെടുത്തി. അത് ശമര്യാക്കാരുടെ ജീവിതത്തിൽ ഒരു പുനർചിന്ത അങ്കുരിക്കുവാൻ കാരണമായി. അനന്തരഫലമായി അനേക ശമര്യർ യേശു ലോക രക്ഷിതാവ് എന്ന് വിശ്വസിച്ചു. (വാകൃങ്ങൾ 4:40-42).

യേശുവിനു ശാരീരിക ക്ഷീണം ഉണ്ടായിരുന്നെങ്കിലും തന്റെ വിശപ്പു മാറ്റിവെച്ചിട്ട് സുദീർഘ സമയം ആത്മീയ വിശപ്പും ദാഹവും മാറ്റി കൊടുക്കുന്ന സവിശേഷ സുവർണ്ണ നിമിഷങ്ങളായിരുന്നു ഇത്. യേശു അവരോട് എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികക്കുന്നത് തന്നെ എന്റെ ആഹാരം (4:34) എന്ന് പറയുമ്പോൾ താൻ ചെയ്ത പ്രവൃത്തിയിലൂടെ തന്റെ യാത്രാലക്ഷ്യ ങ്ങൾ സാക്ഷാത്കരിക്കുകയാണ്.

ഈ ആശയവിനിമയത്തിന്റെ പര്യവസാനം അനേക ശമര്യർ യേശുവിൽ വിശ്വസിച്ചു എന്നതാണ്. നമ്മുടെ യാത്രകൾ അപരി ചിതർക്കുപോലും സ്നേഹത്തിന്റെയും കരുതലിന്റെയും ആത്മീയ സമാധാനം പകർന്നു നല്കുന്ന ആശ്വാസവും പകർന്നു നല്കുന്ന ജീവിതാനുഭവങ്ങൾ ക്രിസ്തു മുഖാന്തരം ഉണ്ടാകട്ടെ. ഈ ദൗത്യം യേശു കർത്താവ് സഭയെ ഭരമേല്പിച്ചിരിക്കുകയാണ്. യേശു അരുളിച്ചെയ്തു എന്റെ പിതാവ് എന്നെ അയച്ചിരിക്കുന്നതുപോലെ ഞാനും നിങ്ങളെ അയച്ചിരിക്കുന്നു. ദൈവവുമായി മനുഷ്യൻ ബന്ധപ്പെട്ട് നില്ക്കേ ണ്ടതിന്റെ അനിവാര്യതയും ജാതിമതവർഗ്ഗവർണ്ണ വ്യത്യാസങ്ങൾക്ക തീതമായി എല്ലാ മനുഷ്യനിർമ്മിത മതിൽക്കെട്ടുകളും പൊളിച്ചടുക്കുന്ന ആത്മീയ വിപ്ലവ നേതാവായി യേശു ഉയർത്തപ്പെടുകയാണ്. ജീവിതം താറുമാറായി കിടന്ന ഒരു സ്ത്രീയെയും യഹൂദന്മാർ അവഗണിച്ചു മാറ്റി നിർത്തിയ ഒരു സമൂഹത്തെയും യേശു സ്നേഹത്തിന്റെ കരങ്ങളാൽ തലോടി അവരെ തന്നോട് ചേർത്തുനിർത്തി. എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ നിവൃത്തിയായി.

സർവ്വലോകത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം അതിർവരമ്പുകൾക്കതീതമായി പ്രവേശിക്കുന്ന സുവർണ്ണനിമിഷങ്ങളായിരുന്നു ഇത്. മതസാംസ്ക്കാരിക അതിർവരമ്പുകൾ തച്ചുടച്ചു കൊണ്ടുള്ള യേശുവിന്റെ ഇടപെടീൽ വിവിധ മതസംസ്ക്കാര വേലിക്കെട്ടുകൾ ഇന്നും പണിതുയർത്തുന്നവർക്കുള്ള ചുട്ട മറുപടിയാണ്. മുൻവിധികൾ ഇല്ലാതെ ഏതു മനുഷ്യനെയും ഒരുപോലെ കാണുവാനും അവരോടു ഇടപെടുവാനും വിശാലമായ മനസ്സ് നമുക്കുണ്ടായിരിക്കണം എന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യനിർമ്മിത അതിർവരമ്പുകൾക്കുള്ളിൽ ഒതുക്കപ്പെട്ട അല്ലെങ്കിൽ സ്വയം ഒരുങ്ങി നില്ക്കുന്ന നീറുന്ന മനസ്സുമായി അനേകർ നമുക്കിടെയിൽ ഉണ്ട്. ഇക്കൂട്ടരെ തിരിച്ചറിഞ്ഞു അവരിലേക്ക് ഇറങ്ങി ചെല്ലുവാൻ അവരുടെ ഹൃദയത്തിന്റെ സ്പന്ദനം മനസ്സിലാക്കി ദൈവസ്നേഹം പ്രദർശിപ്പിക്കുവാൻ ലോകരക്ഷിതാവായ യേശുവിനെ അവർക്ക് പരിചയപ്പെടുത്തി കൊടുക്കുവാൻ മുൻകൈയെടുക്കാം, നമ്മുടെ യാത്രകൾ - കണ്ടുമുട്ടലുകൾ പ്രയോജനപ്പെടുത്താം.

(ആത്മപരിശോധനയ്ക്കുള്ള അടിക്കുറിപ്പ് : ഇന്ന് മേൽ വിശദീകരിച്ചിരിക്കുന്ന വിഷയങ്ങൾ ഗവേഷണ പ്രബന്ധങ്ങളിലും പ്രസംഗവേദികളിലും മാത്രം ഒതുങ്ങിനില്ക്കുന്നുവോ അതോ പ്രായോഗിക തലത്തിൽ നിലവിലുണ്ടോ?)

**പാസ്റ്റർ സിബി പി. തോമസ്, തിരുവനന്തപുരം**

## Quest 6-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ. ഓമല്ലൂർ
2. സൂസമ്മ എബ്രഹാം, കോത്തല
3. ലൈല കെ. വിക്ടർ, പേരൂർക്കട
4. എൽസി തോമസ്, മീൻതുള്ളി
5. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
6. ലീല കെ.വി., പുളിക്കൽ കവല
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്
8. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
9. ജോളി ഷാജി, കരുവാറ്റ, അടൂർ
10. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ
12. ബിന്ദു സി.എസ്., വഞ്ചിയൂർ
13. ബീനാ സുരേഷ്, കരകുളം
14. അന്നമ്മ എബ്രഹാം, പെരുമന്നൂർ
15. സുജ സുനിൽ, ആറാം കല്ല്
16. സജനി ഔസേഫ്, പോങ്ങുംമൂട്
17. വിദ്യാ ബാബു, പാറോട്ടുകോണം
18. ലൈസ സാമുവേൽ, മുംബൈ
19. മേഴ്സി ജേക്കബ്, ഓമല്ലൂർ
20. വിനിത ബി. പോത്തൻകോട്, തിരുവനന്തപുരം
21. സൂസൻ തോമസ്സ്, പട്ടം
22. സുമ റെജി, തൃക്കണ്ണമംഗൽ
23. ആനി ജോൺസൻ, ചെമ്മന്തൂർ
24. രശ്മി സിജു, കുറ്റിയാണി
25. ജോബ് സീജ, വെങ്ങാന്നൂർ

**ക്വെസ്റ്റ് 6-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# മടങ്ങി വരവ്

സ്നേഹിതരേ, ഉദ്യോഗസ്ഥ സുഹൃത്തുക്കളേ, ജർമ്മനിയിലെ ബർലിൻ നഗരത്തിലെ ജയിലിൽ എനിക്ക് നല്ല സ്വീകരണം കിട്ടി. ഇന്റർനാഷണൽ പ്രിസൺ ചാപ്ലയിൻസ് അസോസിയേഷന്റെ ബോർഡ് മീറ്റിംഗ് ബർലിനിലായിരുന്നതിനാലാണ് അവിടെ പോകുവാൻ എനിക്കവസരം കിട്ടിയത്. മാക്സിമം സെക്യൂരിറ്റി ജയിലിൽ ഞങ്ങൾക്ക് ഒരു സ്വീകരണം അവർ നല്കി. ഒന്നര നൂറ്റാണ്ടു പഴക്കമുള്ള കൂറ്റൻ കെട്ടിട സമുച്ചയം

ജയിലിലെ മീറ്റിംഗിൽ എന്റെ ഊഴം വന്നു എന്നറിഞ്ഞത് അടുത്തിരുന്ന ആൾ എന്നെ തോണ്ടിയപ്പോഴാണ്. കാരണം എന്നെ പരിചയപ്പെടുത്തിയ ആൾ ജർമ്മൻ ഭാഷയിൽ ആയിരുന്നു സംസാരിച്ചത്. വിശ്വസ്തതയോടെ മുടങ്ങാതെ ആ ജയിലിൽ പ്രവർത്തിക്കുന്ന ഒരു ലൂഥറൻ പാതിരി ഉണ്ടായിരുന്നു. അദ്ദേഹമാണ് പ്രാർത്ഥിച്ചത്. സ്വാഗതപ്രസംഗകൻ പ്രസംഗ സംക്ഷേപം ഒരാൾ പറഞ്ഞു തന്നു. അയാൾ പറഞ്ഞതിപ്രകാരമാണ്. 'ഞങ്ങളെല്ലാം മുടിയൻ പുത്രന്മാരാണ്. 'എനിക്കു പ്രസംഗിക്കുവാൻ വിഷയം കിട്ടി. ആ വിഷയം അവതരിപ്പിക്കുന്നതിനടിസ്ഥാനമായ വിശുദ്ധ ലൂക്കൊസ് എഴുതിയ സുവിശേഷത്തിലെ 15-ാം അദ്ധ്യായം 11 മുതൽ 24 വരെയുള്ള സൂക്തങ്ങളാണ്. അവ ഉദ്ധരിക്കട്ടെ.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ**
**"തടവുകാരെ തേടി"**
**എന്ന പുസ്തകത്തിൽ നിന്നും**

പിന്നെ യേശു പറഞ്ഞത്: 'ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവരിൽ ഇളയവൻ അപ്പനോട്: അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്കു തരണമേ എന്നു പറഞ്ഞു. അവൻ അവർക്കു മുതൽ പകുത്തുകൊടുത്തു. ഏറെനാൾ കഴിയും മുമ്പെ ഇളയമകൻ സകലവും സ്വരൂപിച്ചു ദൂരദേശത്തേക്കു യാത്രയായി. അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു. വസ്തു നാനാവിധമാക്കിക്കളഞ്ഞു. എല്ലാം ചെലവഴിച്ചശേഷം ആ ദേശത്തു കഠിനക്ഷാമം ഉണ്ടായിട്ട് അവനു മുട്ടു വന്നു തുടങ്ങി.

അവൻ ആ ദേശത്തിലെ പൗരന്മാരിൽ ഒരുത്തനെ ചെന്നു ആശ്രയിച്ചു: അവൻ അവനെ തന്റെ വയലിൽ പന്നികളെ മേയ്ക്കുവാൻ അയച്ചു. പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറയ് ക്കുവാൻ അവൻ ആഗ്രഹിച്ചു. എങ്കിലും ആരും അവന് കൊടുത്തില്ല. അപ്പോൾ

സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു. ഞാനോ വിശപ്പുകൊണ്ട് നശിച്ചു പോകുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലി ക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമെ എന്നു പറയും എന്നു പറഞ്ഞു. അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോയി. ദൂരത്തുനിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവന്റെ കഴുത്തു കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചു. മകൻ അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു.

അപ്പൻ തന്റെ ദാസന്മാരോട് വേഗം മേല്ത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ; ഇവന്റെ കൈയ്ക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിക്കുവിൻ തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്ന് അറക്കുവിൻ; നാം തിന്ന് ആനന്ദിക്കുക. ഈ എന്റെ മകൻ മരിച്ച വനായിരുന്നു വീണ്ടും ജീവിച്ചു: കാണാതെ പോയിരുന്നു. കണ്ടുകിട്ടി യിരിക്കുന്നു എന്നു പറഞ്ഞു' അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി (ലൂക്കൊസ് 15 : 11-24).

മനോഹരമായ ഒരു കഥയാണ് നാം വായിച്ചു കേട്ടത്.ഒരപ്പനും രണ്ടു മക്കളും മക്കളുടെ അമ്മയെ കുറിച്ച് ഒന്നും രേഖപ്പെടുത്താതി രുന്നത് എന്ത് എന്ന് ഞാൻ അറിയുന്നില്ല. അപ്പനും മക്കളും സന്തോഷമായി സുഖമായി ജീവിച്ചിരുന്ന ഒരു സമയം ഉണ്ടായിരുന്നു. ഒരു ദിവസം ഇളയ മകന് ഇങ്ങനെ തോന്നി തുടങ്ങി, 'മടുത്തു, ഇവിടെ സ്വാതന്ത്ര്യം പോരാ, ലോകം വലുതല്ലോ, അവിടെ പോയി കൂട്ടുകാരു മൊത്ത് അടിച്ചു പൊളിച്ച് ജീവിക്കുന്നതല്ലേ കൂടുതൽ രസം. എത്രകാലം ഇവിടെ കഴിയണം.' ചിന്തകൾക്ക് രൂപം കൊടുത്തു കാര്യം പിതാവിന്റെ അടുക്കൽ എത്തിച്ചു. എനിക്കുള്ള വീതം തന്നാൽ ഞാൻ സ്ഥലം കാലിയാക്കി എന്റെ കാര്യം നോക്കിക്കൊള്ളാം. ഇനി എന്റെ കാര്യ ത്തിൽ ഇടപെടേണ്ട. എന്റെ കാര്യം ഞാൻ നോക്കാം.'

അപ്പൻ വസ്തുവക ഭാഗിച്ച് ഇളയവന്റെ വീതം കൊടുത്തു. അവൻ അതെല്ലാം വിറ്റ് ദൂരദേശത്തേക്ക് പോയി. എല്ലാം നാനാവിധമാക്കി ജീവിതവും സമ്പത്തും എല്ലാം തകർത്തു. ഒടുവിൽ നിരാശനായി ഒരാളുടെ പന്നിയെ മേയിക്കുന്നവന്റെ സഹായിയായി ഭക്ഷണത്തിനു ജോലി ചെയ്യുന്ന നിലയിലായി. അപ്പോഴവന് അപ്പനെക്കുറിച്ചും വീടിനെക്കുറിച്ചും ചിന്തയുണ്ടായി. ചെയ്തത് തെറ്റാണെന്നുള്ള ബോധം ഉദിച്ചു. തിരികെ പോയി അപ്പനോട് മാപ്പു പറഞ്ഞു അവിടെ കഴിയുന്നതാണ് നല്ലതെന്ന് ഉറച്ചു. അവൻ തിരികെ വീട്ടിലേക്ക് നടന്നു. അപ്പൻ അവനെ സ്വീകരിച്ചു.

ഇത് യേശു ക്രിസ്തു പറഞ്ഞ ഒരു കഥയാണ്. ഗുണപാഠങ്ങൾ നിരവധിയുണ്ടിതിൽ. ജീവിതം ബോധിച്ചതുപോലെ കഴിയുവാനുള്ള തല്ല. അപ്പനെയും അമ്മയെയും ബഹുമാനിക്കുന്നത് നന്മയുണ്ടാകുവാനും ദീർഘായുസ്സുണ്ടാകുവാനും ആവശ്യമാണ്. നമുക്കുള്ളതൊന്നും നാനാവിധമാക്കരുത്, കൂട്ടുകെട്ടുകൾ തിരഞ്ഞെടുക്കേണ്ടതാണ്. അനുസരണം ഒഴിച്ചു കൂടാത്ത സ്വഭാവഗുണമാണ്, സ്വന്ത ഇഷ്ടപ്രകാരമുള്ള നടപ്പ് തകർച്ചയിലെത്തിക്കും. എന്നാൽ സുബോധം വരും. അപ്പോൾ പശ്ചാത്താപവും മാനസാന്തരവുമായി ശരിയായ ജീവിതത്തിലേക്കും ബന്ധങ്ങളിലേക്കും മടങ്ങണം.

ഇത് ഏകാന്തതയുടെ സ്ഥലമാണ്. ഇവിടെ മനുഷ്യന്റെ വ്യക്തിത്വത്തിന് സ്ഥാനമില്ല. നിങ്ങൾ ഒരു നമ്പർ ആയി മാറി. അഭിപ്രായ സ്വാതന്ത്ര്യമില്ല. ഭക്ഷണവും വസ്ത്രവും മേൽക്കൂരയും സുരക്ഷിതത്ത്വത്തിന് ആളുകളും ഉണ്ട്. പക്ഷെ നമ്മുടെ ആവശ്യം വലുതാണ്. സ്നേഹിക്കുന്നവരും സ്നേഹിക്കപ്പെടേണ്ടവരും അകലെയാണ്. മാനം നഷ്ടപ്പെട്ടു. ധനം നഷ്ടപ്പെട്ടു. ഭാവി ആശങ്കയിലാണ്. ആഗ്രഹിച്ചതൊന്നുമല്ല കിട്ടിയത്. കണ്ണുനീരും ദുഃഖവും മാത്രം ബാക്കി. അല്പ സമയത്തേക്ക് വിട്ടിട്ട് പോന്നതെല്ലാം ഓർക്കുവാൻ ശ്രമിക്കുക. അതു നിങ്ങളിൽ ദുഃഖം വരുത്തും എങ്കിലും ഓർത്തു നോക്കുക. സ്വന്തക്കാരെയും സുഹൃത്തുക്കളെയും ജീവിച്ചിരുന്ന വീടും സാഹചര്യങ്ങളും, തൊഴിലും വരുമാനവും എല്ലാം നശിച്ചില്ലേ, വീട്ടിൽനിന്നും ഇറങ്ങിത്തിരിച്ച നമ്മുടെ കഥാനായകന്റെ സ്ഥിതിയല്ലേ നിങ്ങൾക്കും?

വിശന്നു കഴിയേണ്ടവനല്ല അവൻ. അപ്പന്റെ വീട്ടിൽ സമൃദ്ധിയുണ്ട്. പന്നികളുടെ കൂടെ കഴിയേണ്ടവനല്ല. ജീർണ്ണവസ്ത്രം ധരിച്ച് കഴിയേണ്ടവനല്ല. ജയിൽ യൂണിഫോം നിങ്ങൾക്ക് ചേരുകയില്ല. അന്തസ്സും മാന്യതയും വിളിച്ചോതുന്ന വസ്ത്രമാണ് ആവശ്യം. പന്നിക്കുള്ള വാളവരയല്ല അവനുള്ള ഭക്ഷണം. ഇവിടത്തെ ഭക്ഷണം സമീകൃതവും സമയത്തു കിട്ടുന്നതുമെങ്കിലും സ്വന്തം വീട്ടിൽ കിട്ടുന്നതിനല്ലേ രുചി. എല്ലാം നശിച്ചവനായി എന്നും കഴിയേണ്ടവരല്ല. നിങ്ങൾ മടങ്ങിപോകണം. എവിടേക്ക്? ജീവിതത്തിന്റെ സന്മാർഗ്ഗിക പ്രമാണങ്ങളിലേക്കും തത്ത്വങ്ങളിലേക്കും, അംഗീകാരവും അവകാശവും ഉള്ള സ്ഥാനത്തേക്ക് സ്നേഹനിധിയായ അപ്പന്റെ അടുക്കലേക്ക്. ഇതല്ല നിങ്ങൾക്കുള്ള സ്ഥലം. ഇവിടെ എത്രനല്ല സൗകര്യങ്ങൾ ലഭിച്ചാലും. ലോകത്തിലെ പല രാജ്യങ്ങളിലും ജയിൽ മുറികൾ എയർകണ്ടീഷൻ ചെയ്തവയാണ്. അവിടുത്തെ അന്തേവാസികൾക്കും ഉറങ്ങുവാൻ കഴിയുന്നില്ല. അസ്ഥാനത്താണ് അവർ എന്ന ബോധം അവരെ കാർന്നു തിന്നുന്നു. വിവിധ വിഭവങ്ങൾ അഞ്ചു നിരയായി ലഭിക്കുന്ന ഭക്ഷണ രീതി ചില ജയിലുകളിലുമുണ്ട്. പക്ഷേ അത് അവരെ തൃപ്തരാ

ക്കുന്നില്ല. വളരെ ശ്രേഷ്ഠമായ വൈദ്യസഹായങ്ങൾ ചില ജയിലുകളിലുണ്ട്. താമസിക്കുന്ന മുറിയിൽ ടെലിവിഷനും ഇന്റർനെറ്റ് കണക്ഷനും ഫോണും ഉണ്ട്. പക്ഷേ ആരും തൃപ്തരല്ല കാരണം ബന്ധനം അല്ല സ്വാതന്ത്ര്യം ആണ് നമുക്കാവശ്യം.

പന്നികളുടെ കൂടെ അസ്ഥാനത്തു കഴിയേണ്ടിവന്ന യൗവ്വനക്കാരൻ സുബോധത്തിലേക്ക് വന്നു. അവിടെയാണ് നിങ്ങളുടെ മനസ്സും ഉടനെ എത്തേണ്ടത്. അവനു സുബോധം വന്നപ്പോൾ ജീവിതത്തെ ഒന്നുനോക്കി. തെറ്റിപ്പോയി എന്ന് മനസ്സിലായി. പശ്ചാത്താപം ആരംഭിച്ചു. ഞാൻ പോയി എന്റെ അപ്പനോട് ക്ഷമ ചോദിക്കും. അപ്പനുമായി നിരപ്പു പ്രാപിക്കും എന്ന് തീരുമാനിച്ചു. വീട്ടിലേക്ക് മടങ്ങി പോകുവാൻ പശ്ചാത്താപം പ്രചോദനം നല്കി.

അങ്ങകലെ അവൻ വിട്ടിട്ട് പോന്ന അപ്പൻ അവനെ കാത്തു കഴിയുകയാണ്. "പക്ഷെ ഇന്ന് എന്റെ മകൻ വരുമായിരിക്കും" എന്നുള്ള ശുഭാപ്തി വിശ്വാസത്തിൽ കഴിയുന്ന പിതാവ്. മകന്റെ ഇറങ്ങിപ്പോക്കിന് മൂകമായി സാക്ഷ്യം വഹിച്ച വീട് അവന്റെ മടങ്ങി വരവിനെ ആഘോഷിക്കുവാനായി കാത്തിരിക്കുന്നു. സഹോദരന്മാരേ, എന്തെല്ലാം അപരാധങ്ങൾ ചെയ്തതു എങ്കിലും കുറ്റബോധത്തോടെ അനുതാപത്തിന്റെ വാക്കുകളോടെ നിങ്ങൾ ഇന്ന് മടങ്ങുക. തെറ്റിനെ അംഗീകരിക്കുക. അപ്പന്റെ സ്നേഹത്തിന് എല്ലാം പൊറുക്കുവാനും നിങ്ങളെ സ്വീകരിക്കുവാനും കഴിയും.

ഈ യുവാവ് മടക്കയാത്രയിലാണ്. കാത്തിരുന്ന പിതൃഹൃദയം ആഗ്രഹിച്ചതുപോലെ ആ കണ്ണുകൾ കാണുകയാണ്. അതാ ആരോ നടന്നു വരുന്നു. അടുക്കുന്തോറും അത് എന്റെ മകൻ തന്നെ എന്ന് ആ പിതാവിന് ബോധ്യം വന്നു. അപ്പൻ ഓടിച്ചെന്നു മകനെ സ്വീകരിച്ചു.

അപ്പാ ഞാൻ തെറ്റു ചെയ്തു, ക്ഷമിക്കണം എന്നു മാത്രം പറയുവാനേ കഴിഞ്ഞുള്ളൂ. മറ്റൊന്നും പറയുവാൻ അപ്പന്റെ ചുംബനങ്ങൾ അനുവദിച്ചില്ല. കുറ്റബോധത്തോടും അനുതാപത്തോടും കൂടെ നടന്നടുക്കുന്ന മകന്റെ കാലുകളെക്കാൾ വേഗതയാണ് സ്നേഹസമ്പന്നായ പിതാവിന്റെ കാലുകൾക്കുള്ളത്. അപ്പൻ ഒരു വ്യവസ്ഥയും പറഞ്ഞില്ല. ഒരു കണക്കും ചോദിച്ചില്ല. എല്ലാം ക്ഷമിച്ചു. പൂർണ്ണ സ്വീകാര്യം. മേൽത്തരമായ വസ്ത്രം വരുന്നു. ജീർണ്ണിച്ചതെല്ലാം മാറുന്നു. നഗ്നപാദങ്ങൾക്ക് ചെരുപ്പ്, കൈകൾക്ക് അധികാരത്തിന്റെയും അവകാശത്തിന്റെയും അടയാളമായ മോതിരം. പട്ടിണിക്കു പകരം സദ്യ. വിലാപഗീതത്തിനു പകരം സന്തോഷത്തിന്റെ പാട്ടുകൾ. അപ്പൻ പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക.

"ഈ എന്റെ മകൻ മരിച്ചവനായിരുന്നു: വീണ്ടും ജീവിച്ചു: കാണാതെ പോയിരുന്നു, കണ്ടു കിട്ടിയിരിക്കുന്നു. മരിച്ചവനായിരുന്നു

ശേഷം പേജ് 34 കാണുക

# ജ്ഞാനമുള്ളവൾ വീട് പണിയുന്നു

കുടുംബം പണിയുന്നതിൽ ഭാര്യയ്ക്കും ഭർത്താവിനും വലിയ ഉത്തരവാദിത്വമുണ്ട്. എന്നാൽ യഥാർത്ഥത്തിൽ കുടുംബം പണിതെടുക്കുന്നത് ആരാണെന്ന് എന്നോടു ചോദിച്ചാൽ എന്റെ ഉത്തരം വീട്ടമ്മയെന്നാണ്. ജ്ഞാനമുള്ള സ്ത്രീകൾക്ക് മാത്രമേ വീടു പണിയുവാൻ കഴിയുകയുള്ളു എന്നാണ് ബൈബിൾ പറയുന്നത്. വീട്ടമ്മമാരാണ് യഥാർത്ഥത്തിൽ വീട് പണിയുന്നതെന്നതിന് ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. വീടുപണിയുന്നതിനിടയിൽ അനുഭവിക്കുന്ന മാനസിക സംഘർഷം കൂടുതൽ അനുഭവിക്കുന്നതും വീട്ടമ്മമാർ തന്നെയാണ്.

ഒരിക്കൽ ഗവണ്മെന്റ് നിർദ്ദേശപ്രകാരം ഞങ്ങളുടെ സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളുടെ ഒരു യോഗം വിളിച്ചു. അറുപതോളം അമ്മമാരും ഒന്നോ രണ്ടോ അച്ഛൻമാരുമാണ് യോഗത്തിന് വന്നത്. സ്വയമായി നടക്കുവാൻ കഴിയാത്ത ഭിന്നശേഷിക്കാരായ കുട്ടികളും സ്കൂളിൽ ഉണ്ടായിരുന്നു. താഴെ റോഡിൽ ഓട്ടോറിക്ഷയ്ക്ക് കൊണ്ടു വന്നതിനുശേഷം ഒൻപതിലും പത്തിലുമൊക്കെ പഠിക്കുന്ന ഈ കുട്ടികളെ വളരെ പ്രയാസപ്പെട്ട് എടുത്ത് ക്ലാസ്സിൽ കൊണ്ടുവരുന്ന അമ്മമാരെ ഹെഡ്മാസ്റ്ററെന്ന നിലയ്ക്ക് ഞാൻ അതിശയത്തോടെയും ചിലപ്പോൾ നിറകണ്ണുകളോടെയും നോക്കി നിന്നിട്ടുണ്ട്. ചില ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ പ്രായത്തിൽ കവിഞ്ഞ ശാരീരിക ഭാരമുള്ളവരാണ്. തങ്ങളെക്കാൾ ഭാരമുള്ള കുട്ടികളെ മാറോട് ചേർത്ത് വാരിയെടുത്ത് കൊണ്ടുവരുന്ന ഈ അമ്മമാരെക്കുറിച്ച് അനേക സ്ഥലങ്ങളിൽ ഫാമിലി മീറ്റിംഗുകളിൽ ഞാൻ പ്രസ്താവിക്കാറുണ്ട്. അന്ന് ആ മീറ്റിംഗിൽ വെച്ച് അമ്മമാരെ ആശ്വസിപ്പിക്കാൻ ചില സാന്ത്വന വാക്കുകൾ ഞാൻ പറയുകയുണ്ടായി. അവരിൽ മിക്ക അമ്മമാരും അത് കേട്ട് തേങ്ങിക്കരഞ്ഞു. സാർ ഒരാളെങ്കിലും ഞങ്ങളുടെ വിഷമം മനസിലാക്കിയല്ലോ എന്നു പറഞ്ഞാണ് അവർ കരഞ്ഞത്. അമ്മമാർക്കല്ലാതെ ആർക്ക് ഇങ്ങനെ മക്കളെ അവരുടെ കുറവുകളോടുകൂടി ചേർത്തു പിടിക്കാൻ കഴിയും?

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ എഴുതിയ "കുടുംബം നമ്മുടെ സ്നേഹക്കൂട്" എന്ന പുസ്തകത്തിൽ നിന്നും**

ജ്ഞാനമുള്ളവൾ വീടുപണിയുന്നുവെങ്കിൽ ഭോഷത്വമുള്ളവളോ അത് സ്വന്തകൈകളാൽ പൊളിച്ചുകളയുന്നു എന്നാണ് ബൈബിൾ പറയുന്നത്. അതിനു ധാരാളം ഉദാഹരണങ്ങൾ എനിക്ക് പറയാനുണ്ട്. വളരെ പ്രസക്തമായ ഒരു സംഭവം മാത്രം പറയാം. ഒരു മലയോര ഗ്രാമത്തിലെ ഒരു പാവപ്പെട്ട കുടുംബം സ്വന്ത കൈകൊണ്ട് പൊളിച്ചു കളഞ്ഞ ഒരു സ്ത്രീയെക്കുറിച്ച് പറയാം. ഏക മകൾ ഒമ്പതാം ക്ലാസിൽ പഠിക്കുന്നു. ഭർത്താവ് കടുത്ത മദ്യപാനിയാണ്. ക്ലാസിൽ അപമര്യാദ യായി പെരുമാറുന്നു, അക്രമം കാണിക്കുന്നു എന്നൊക്കെ പറഞ്ഞ് അദ്ധ്യാപകർ ഈ കുട്ടിയെ എന്റെ അടുക്കൽ കൊണ്ടുവന്നു. വളരെ സ്നേഹപൂർവ്വം ആ കുട്ടിയോട് ഞാൻ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. തന്റെ ഏകമകളെ ഉപേക്ഷിച്ച് ആ അമ്മ എങ്ങോട്ടോ ഓടിപ്പോയി. നന്നായി പഠിക്കണമെന്നൊക്കെപ്പറഞ്ഞ് ഞാൻ ആ കുട്ടിയെ ധൈര്യപ്പെടുത്താൻ ശ്രമിച്ചപ്പോൾ അവൾ വളരെ വേദനയോടെ പറഞ്ഞ ഒരു വാചകം ഞാനിവിടെ കുറിക്കട്ടെ. ഞാൻ എത്ര നന്നായിട്ടും ഒരു കാര്യവുമില്ല, എന്റെ അമ്മ പിഴയാണെന്നാണ് നാട്ടുകാർ പറയുന്നത്. അതുകൊണ്ട് എന്നെയും അങ്ങനെ മാത്രമെ നാട്ടുകാർ കണക്കാക്കുകയുള്ളൂ. ഇതും പറഞ്ഞിട്ട് സ്കൂൾ ഓഫീസിൽ നിന്ന് അവൾ ഇറങ്ങി ഓടി പ്പോയി. എസ്.എസ്.എൽ.സി പരീക്ഷയുടെ ജോലിത്തിരക്കും മിഷന്റെ ഉത്തരവാദിത്വങ്ങളും ഒക്കെ ഉണ്ടായിരുന്നതുകൊണ്ട് എനിക്ക് പിന്നീട് ആ കുട്ടിയുടെ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. രണ്ടു മാസ ങ്ങൾക്കു ശേഷം ആ പെൺകുട്ടി ആത്മഹത്യ ചെയ്തു. എനിക്ക് കൗൺ സലിംഗ് ട്രെയിനിംഗ് ഉണ്ടായിരുന്നിട്ടുകൂടി ആ പാവം പെൺകുട്ടിയെ രക്ഷിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്ന ചിന്ത ഒരു നോവായി എന്റെ ഹൃദയത്തിൽ ഇപ്പോഴുമുണ്ട്.

ജ്ഞാനമുള്ള സ്ത്രീ ഭർത്തൃപ്രിയരും പുത്രപ്രിയരും ആയിരി ക്കണമെന്നാണ് തിരുവചനം പഠിപ്പിക്കുന്നത്. മുഷിയുമ്പോൾ ഉടുപ്പ് മാറുന്നതുപോലെ ജീവിതപങ്കാളികളെ മാറുന്ന സംസ്കാരം ലോക ത്തിന്റെ പലഭാഗത്തും ഉണ്ടെങ്കിലും ഇന്ത്യയിൽ ഇതുവരെ ആ സംസ്കാരം ശക്തിപ്രാപിച്ചിട്ടില്ല. ഈ ജീവിതത്തിൽ ഏറ്റവും വൈ കാരികവും ശക്തവുമായ ബന്ധം ഭാര്യാഭർത്തൃബന്ധമാണ്. ഭർത്തൃപ്രിയർ എന്നു പറഞ്ഞാൽ ഭർത്താവിനോടുള്ള ബഹുമാനവും സ്നേഹവും, ആദരവും, വിശ്വസ്തതയും, എല്ലാം ഉൾക്കൊള്ളുന്നു. ഭർത്തൃപ്രിയ എന്നാൽ ഭർത്താവിന് ജീവിതകാലം മുഴുവൻ അടിമയായി ജീവിക്കണം എന്ന് അർത്ഥമില്ല. ഭർത്താവിനെ ബഹുമാനിക്കണമെന്നും കീഴ്പ്പെടണമെന്നുമൊക്കെ കേൾക്കുമ്പോൾ അസ്വസ്ഥരാകുന്ന സ്ത്രീ

കൾ അപൂർവ്വമായിട്ടെങ്കിലും ഉണ്ട്. അങ്ങനെയുള്ളവരെ ഭർത്തൃപ്രിയരായി കണക്കാക്കാൻ കഴിയില്ല. സ്ത്രീകൾ ഭർത്തൃപ്രിയർ മാത്രമല്ല പുത്രപ്രിയരും ആയിരിക്കണമെന്നാണ് തിരുവചനം ആവശ്യപ്പെടുന്നത്. പൊതുവിൽ പറഞ്ഞാൽ ഒരമ്മയ്ക്ക് പുത്രപ്രിയർ ആകാതിരിക്കാൻ കഴിയില്ല. കൗമാരപ്രായത്തിൽ വീട് വിട്ടു പോയ മകൻ എന്നെങ്കിലും തിരിച്ചുവരുമെന്ന് പ്രതീക്ഷിച്ച് ഇരുപത്തിമൂന്ന് വർഷം എല്ലാ ദിവസവും രാത്രി ഭക്ഷണം വിളമ്പി കാത്തിരുന്ന ഒരമ്മയെക്കുറിച്ച് വായിക്കയുണ്ടായി.

പുത്രപ്രിയമുള്ള ഒരമ്മയാണ് അബ്രഹാം ലിങ്കണെ ഉന്നതിയിലെത്തിച്ചത്. ബാല്യത്തിൽത്തന്നെ അങ്ങനെയൊരമ്മയെ നഷ്ടപ്പെട്ടതാണ് ഹിറ്റ്ലർ എന്ന ബാലനെ പിന്നീട് കൊടും ക്രൂരനാക്കി മാറ്റിയ ഒരു ഘടകം. കൗമാരക്കാരായ മക്കളെ കൈകാര്യം ചെയ്യുക എന്നത് മിക്ക വീട്ടമ്മമാർക്കും വലിയ തലവേദനയായിത്തോന്നാറുണ്ട്. എന്നാൽ സ്നേഹം എന്ന വജ്രായുധം ഉപയോഗിച്ച് മാത്രമെ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയുള്ളു. ശൈശവം മനുഷ്യർക്ക് മാത്രമുള്ള സവിശേഷ കാലഘട്ടമാണ്. വ്യക്തിത്വരൂപീകരണവും സ്വഭാവരൂപീകരണവുമൊക്കെ ആരംഭിക്കുന്ന ഈ പ്രത്യേക കാലഘട്ടത്തിൽ ആദ്യ ഗുരുവായും മാതൃകയായും സംരക്ഷകയായുമെല്ലാമുള്ള അമ്മയുടെ പങ്ക് മനുഷ്യമനസ്സിന്റെ വികാസഘട്ടത്തിൽ പരമപ്രധാനമായ പങ്കുവഹിക്കുന്നു. വ്യക്തിത്വ വികാസഘട്ടങ്ങളിൽ ഏറ്റവും സംഘർഷം നിറഞ്ഞ കാലഘട്ടമായ കൗമാരത്തിൽ കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് അമ്മയുടെ പങ്ക് വളരെ വിലപ്പെട്ടതാണ്. ഈ കാലഘട്ടത്തിൽ ആൺകുട്ടികൾ സാമൂഹ്യദ്രോഹികളുടെ സ്വാധീനഫലമായി മദ്യവും മയക്കുമരുന്നുമൊക്കെ രുചിച്ചു നോക്കാൻ സാധ്യതയുണ്ട്. ഒരു ഇന്റിമേറ്റ് സുഹൃത്തിനെപ്പോലെ കൂടെനിന്ന് ഇത്തരം പ്രതിസന്ധികളിൽ നിന്ന് അവരെ കരകയറ്റുവാൻ അമ്മമാർക്ക് കഴിയും. അതുപോലെതന്നെ കൗമാരകാലഘട്ടങ്ങളിൽ പെൺമക്കൾ പ്രണയക്കെണിയിൽ ചെന്ന് ചാടാനുള്ള സാധ്യതയും കൂടുതലാണ്. കൗമാര പ്രായക്കാരായ പെൺമക്കളുടെ ഹൃദയത്തുടിപ്പുകൾ അറിയാവുന്ന ഒരമ്മയ്ക്ക് മാത്രമെ ഇത്തരം കെണികളിൽ നിന്ന് സ്നേഹപൂർവ്വമുള്ള ഇടപെടലിലൂടെ മക്കളെ രക്ഷിച്ചെടുക്കാൻ കഴിയുകയുള്ളു. എന്നാൽ കൗമാരക്കാരായ പെൺമക്കളെ മദ്യപാനികളും മയക്കുമരുന്ന് ഉപയോഗിക്കുന്നവരുമായ മുതിർന്ന പുരുഷന്മാർ പ്രേമക്കെണിയിൽ വീഴ്ത്താറുണ്ട്. അതിൽ നിന്ന് അവരെ രക്ഷിച്ചെടുക്കാൻ പുത്രപ്രിയരായ അമ്മമാർക്ക് മാത്രമേ കഴിയുകയുള്ളു.

എട്ടാം ക്ലാസിൽ പഠിക്കുന്ന മകളെ അവൾ അനുസരണക്കേട് കാണിക്കുന്നു എന്ന് പറഞ്ഞ് കീറിയിട്ട വിറക് കമ്പ്കൊണ്ട് തല്ലിച്ചതച്ച ഒരു അമ്മയെ എനിക്ക് നേരിട്ടറിയാം. ഭാര്യയും ഭർത്താവും തമ്മിലുള്ള നിരന്തരകലഹത്തിന്റെ ബാക്കിപത്രമാണ് ഈ പാവം പെൺകുട്ടിയെന്ന് ആ അമ്മയ്ക്ക് മനസിലാക്കാൻ കഴിയാതെ പോയി.

യൗവനക്കാരായ സകല വീട്ടമ്മമാരും സുബോധമുള്ളവർ ആയിരിക്കണമെന്നാണ് തിരുവചനം ഓർമ്മിപ്പിക്കുന്നത്. ആദ്യ സ്ത്രീ യായിരുന്ന ഹവ്വായെ പിശാച് സ്വാധീനിച്ച് തെറ്റിലേക്ക് നയിച്ചു. ദൈവം കഴിക്കരുതെന്ന കല്പിച്ച വൃക്ഷഫലം തിന്നാൽ നീ ദൈവത്തെപ്പോലെ ആകും എന്ന പിശാചിന്റെ വാക്കിൽ മയങ്ങി ഫലം തിന്നുവെന്നു മാത്ര മല്ല, ഭർത്താവിനും അതു നല്കി. സുബോധം ഇല്ലാതെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ധാരാളം യുവതീയുവാക്കൾ നമ്മുടെ ഇടയിൽ ഉണ്ട്. അന്യദേശത്ത് ചെന്നതിനുശേഷം ആ ദേശത്തിലെ കന്യകമാരെ കാണാൻ തനിയെ ചുറ്റിക്കറങ്ങിയ ദീനയ്ക്ക് പിന്നീട് എന്തു സംഭവിച്ചു എന്നത് നമുക്ക് അറിവുള്ളതാണല്ലോ.

അതുപോലെ തന്നെ സുബോധമില്ലാത്ത സഹോദരിമാർ ആത്മീയ തട്ടിപ്പുകാരുടെയും കള്ള പ്രവാചകന്മാരുടെയും കെണിയിൽ വീഴാനുള്ള സാധ്യതയും വളരെയേറെയാണ്. ഇവരോട് എനിക്ക് പറയാനുള്ളത് നിങ്ങളിലുള്ളവൻ (പരിശുദ്ധാത്മാവ്) ലോകത്തിലുള്ള വനേക്കാൾ (പിശാച്) വലിയവനല്ലോ എന്ന ബൈബിൾ വാക്യമാണ് (1 യോഹ:4:4) നമ്മൾ ദൈവത്തിന്റെ ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ട്, നയിക്കപ്പെട്ട് ജീവിച്ചാൽ (റോമ. 8:14) നമ്മളെ തൊടുവാൻ ദുഷ്ടശക്തി കൾക്ക് കഴിയുകയില്ല തന്നെ. സുബോധമില്ലാത്ത സ്ത്രീകൾ സദാ സമയവും നാക്കിട്ടലച്ചുകൊണ്ടിരിക്കും. ഒരിക്കൽ ഒരു ഫാമിലി കൗൺ സലിംഗ് സന്ദർഭത്തിൽ ഭർത്താവ് ഇങ്ങനെ പറയുകയുണ്ടായി. ജോലി കഴിഞ്ഞ് ക്ഷീണിച്ചു കഴിഞ്ഞാലും എനിക്ക് വീട്ടിലോട്ട് പോകുവാൻ തോന്നുകയില്ല. അവൾ (ഭാര്യ) ഏതു നേരത്തും കുരച്ചുകൊണ്ടിരിക്കും. ഭാര്യയുടെ അമിതമായ സംസാരമാണ് ഇവിടുത്തെ പ്രധാന പ്രശ്ന മായിക്കാണുന്നത്. അമിതമായ സംസാരം ശണ്ഠയും കലഹവും കുടുംബത്തിൽ ഉണ്ടാക്കുമെന്നകാര്യം തീർച്ചയാണ്.

സുബോധം ഇല്ലാത്ത ദമ്പതികൾ വീട്ടിൽ സ്ഥിരമായി ലഹള യുണ്ടാക്കും എന്ന കാര്യത്തിൽ തർക്കം വേണ്ട. ചില പുരുഷന്മാർ തങ്ങളുടെ ഭാര്യമാരുടെ മേൽ ഭരണം നടത്തുന്നതിനുവേണ്ടി വലിയ ഒച്ചവെച്ച് സംസാരിക്കാറുണ്ട് ഭവനത്തിലെ സമാധാന അന്തരീക്ഷം തകർക്കുന്ന തരത്തിൽ ഇങ്ങനെ ഗുണ്ട് പൊട്ടിക്കുന്ന ഭർത്താക്കന്മാരെ അതെ നാണയത്തിൽ അമിട്ട് പൊട്ടിച്ചുകൊണ്ട് നേരിടുന്ന ഭാര്യമാരുണ്ട്.

ഇങ്ങനെയുള്ള സംഘർഷ ഘട്ടത്തിൽ ഭർത്താക്കന്മാരുടെ ഗുണ്ട് പ്രയോഗത്തിനു പകരമായി പൂത്തിരി പ്രയോഗം നടത്തി പരീക്ഷിച്ചു നോക്കാൻ ഞാൻ ഫാമിലി സെമിനാറുകളിൽ സഹോദരിമാരോട് നിർദ്ദേശിക്കാറുണ്ട്. പൂത്തിരി പ്രയോഗം എന്നതുകൊണ്ട് ഉദ്ദേശിച്ചത് ഭാര്യമാരുടെ മനോഹരമായ നിറഞ്ഞ പുഞ്ചിരിയാണ്. വിവാഹത്തിനുശേഷമുള്ള ആദ്യ നാളുകളിൽ ഭർത്താവിനോട് എങ്ങനെയാണോ ചിരിച്ചത് അതുപോലെ മനോഹരവും ഹൃദ്യവുമായി വേണം ഗുണ്ടിനു പകരമുള്ള ഈ പൂത്തിരി പ്രയോഗം. പല സഹോദരിമാരും ഇത് നടക്കില്ല സാറെ എന്നു പറഞ്ഞെങ്കിലും പല ഭാര്യമാരും ഈ പൂത്തിരി പ്രയോഗം വിജയം കണ്ടുവെന്ന് എന്നെ വിളിച്ചറിയിച്ചിട്ടുണ്ട്. ഇപ്പോഴും ഗുണ്ടു പ്രയോഗം നടക്കുന്ന ഭവനങ്ങളിലെ ഭാര്യമാർക്ക് ഈ പൂത്തിരി പ്രയോഗം പരീക്ഷിച്ചു നോക്കാവുന്നതാണ്. ഒറ്റ പ്രാവശ്യം പരീക്ഷിച്ചു നിർത്തരുത്. പല പ്രാവശ്യം ആത്മാർത്ഥമായി പൂത്തിരി പ്രയോഗിച്ചാൽ വിജയം ഉറപ്പാണ്.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

---

പേജ് 29 ന്റെ തുടർച്ച (മടങ്ങി വരവ്)

എന്നാൽ ഇതാ ജീവിച്ചിരിക്കുന്നു. ആകയാൽ നമുക്ക് സന്തോഷിക്കാം.” ലൂക്കൊസ് 15: 24

സുഹൃത്തുക്കളേ, ഇതാണ് നിങ്ങൾക്കും ആവശ്യം. ഒരു തിരിച്ചു വരവ്. നഷ്ടപ്പെട്ട് കഴിയുന്ന സ്ഥാനത്തു നിന്ന് ഒറിജിനൽ സ്ഥാനത്തേക്കുള്ള പുനരധിവാസം. ഇതിനു നിങ്ങൾ മനസ്സുള്ളവരാകുന്നുവോ? സംശയിക്കേണ്ട. നിങ്ങളെ സ്നേഹിക്കുന്ന ദൈവം നിങ്ങളുടെ പശ്ചാത്താപത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് പുതു ജീവിതം നല്കും. ചെയ്തുകൂട്ടിയ തെറ്റുകുറ്റങ്ങളിൽനിന്നും അകന്ന് പുതുജീവിതം ലഭിക്കണമെങ്കിൽ മടങ്ങിവരണം. അതിനുള്ള തീരുമാനം ചെയ്യുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

പാപം മൂലം അകന്നു പോയ മനുഷ്യനെ ദൈവം വിളിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശുമരണവും പുനരുത്ഥാനവും ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അടയാളമാണ്. നിങ്ങൾക്ക് മാനസാന്തരപ്പെടുവാനും മടങ്ങിവരുവാനും പുതുജീവിതം നയിക്കുവാനുമുള്ള പദ്ധതി യേശുവിലൂടെ സാധിച്ചിട്ടുണ്ട്. വിശ്വാസത്താൽ അംഗീകരിക്കുക. തിരഞ്ഞെടുപ്പ് നിങ്ങളാണ് ചെയ്യേണ്ടത്. ജയിലിലെ ഇല്ലായ്മകളിൽ നിന്നും ദൈവം നല്കുന്ന സമൃദ്ധിയിലേക്ക് സ്വാഗതം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

# Good News: We will not perish
## (John 3:16)

The Gulf war and its economic fallout are exacting a toll on families. Many have lost their jobs, hundreds dying each day, including grandparents, parents and children, in the Middle East. A volatile uncertain future will shape not only our lives but also that of our children for years to come. One of the lessons learned from the war is that tomorrow is not promised. Another lesson is that only God Almighty can save us from this catastrophe. So let us concentrate our attention upon the loving and living God who is concerned about each and every one of us. When we think about God, the very first thought that comes to many is the famous verse, “God is Love”. Yes, it’s true that He loves you and me. He has spared our lives even in the midst of conflicts around the globe.

There is a beautiful verse in the gospel of John that talks about the extent of His love. The reference of this verse is often seen at sports and other public events. Undoubtedly this is among the most famous verses in all of God’s Word, the Bible. That verse is none other than John 3:16 which reads, “For God so loved the world, that he gave his one and only son, that whoever believes in him shall not perish, but have eternal life”. These most famous words were spoken by God the Son, who was sent to this earth by God the Father because He loves us. I want to remind you that the God we serve is 1 being, but 3 persons: God the Son, God the Father and God the Holy Spirit. Does that mean we serve 3 Gods? No, by no means, our God is one. The three persons of the trinity form a composite unity. Each of them is equally God, yet these three distinct persons make up the entity God. The purpose of God the Father sending God the Son was in our best interest. If He didn’t come, as John 3:16, clearly shows, you and I would’ve died. That means that we would not only die physically, but also spiritually, which means separated from God forever. God the Father, sent God, the Son, that we might live instead of die.

This verse is part of a conversation that Jesus Christ had with a very prominent man, Nicodemus, who came at night to meet him, Nicodemus was a Pharisee, which meant he lived by all the strict religious rules of the Jews. He was a man of high moral character and yet profound spiritual blindness.Our Lord began the conversation with that which was familiar, namely birth. Jesus makes it clear to Nicodemus that if he wanted to go to heaven, he had to experience a supernatural spiritual birth from above. But Nicodemus could only fathom a physical birth. The situation is not any different today. When we talk about being born again, we often think about our religious heritage, our church membership, religious ceremonies and so on. Some would even go to the extent of claiming new birth as being water baptism. Jesus was not teaching that the new birth comes through water baptism. Let me make it clear that no amount of physical water can cause a spiritual change in a person. Let's go back to today's verse, For God so loved the world, that he gave his one and only son, that whoever believes on him shall not perish, but have eternal life. Here believing is what saves a person. What's meant by belief? It's not just intellectually believing that Christ came to save sinners, that He was crucified, buried and rose again. Billions have that knowledge. However, to believe in Christ is to put your trust in Him or give your life over to Him completely.

Dear friend, the Bible clearly states that all of us have sinned and have come short of the glory of God. The whole world has been impacted by sin, and every person in it also. The consequences or wages of sin is death. The Lord Jesus further tells Nicodemus that whoever does not believe stands condemned already because he has not believed in the name of God's one and only Son. If we continue in our unbelief, we sure will perish. But God sent his son to die in our place by taking our sins on his shoulders. Jesus, the sinless God the son did not die for his sins. He did not die for the sins of Jews or Europeans or Americans only, but for sins of the whole world so that no one should perish.

The only way for us to be free from eternal death is to believe in Jesus Christ. What make the difference between dying and living?

Salvation comes only by faith in the finished work of Jesus Christ on the cross of Calvary. God sent his only son Jesus Christ to this world as our Saviour and He died on the cross for us, according to the Scriptures. He was buried in a tomb, and He rose again on the third day. Jesus Christ gives eternal life to anyone who trusts in Him. What's eternal life? Jesus defines eternal life for us in John 17:3, "This is eternal life, that they may know you, the only true God, and Jesus Christ whom you have sent". As the world is at a major crisis point, as civilizations stand on the brink of extinction we live not knowing what will happen next.

I believe Nicodemus the Pharisee that night came to the realization that even though he was a religious leader of his community, he needed to repent about his sins, make a turn around, and accept Christ as his personal Saviour and Lord and become a new person in Christ. In this most precarious time that you and I have ever faced in our lives, friend, can I ask you a question point blank? Have you ever come to the realization that you're a sinner and that Christ paid the price of your sins, which is death? To realize is one thing, but to repent is another.

To repent means that you were headed the wrong way, you stop and turn to head in the right way. Have you ever repented and turned to God. Have you ever confessed Jesus Christ as your personal Savior and Lord? He paid the penalty for your sins on the cross of Calvary. God's Love towards us is demonstrated on the cross of Calvary. God The father allowed his only Son to die so that if we put our trust in that Son, we will not perish.

If you do not know him in a personal intimate way as your savior, will you invite Jesus Christ into your heart today and decide to live for Him? His desire is that none shall perish, but have everlasting life.

May the Lord help you to make that decision right now.

God bless you.

**Dr. Charles John, Trivandrum**

## ഈ ലക്കം Quest 7 – ലെ ചോദ്യങ്ങൾ പുതിയനിയമത്തിൽ നിന്നാണ്.

1. ഞങ്ങൾ കർത്താവിനെ കണ്ടു  ആര് ആരോട് പറഞ്ഞു?
2. ലേവിയുടെ മറുപേര് എന്ത്?
3. പൗലൊസിന്റെ സഹയാത്രികൻ ആയിരുന്ന വൈദ്യൻ ആര്?
4. ബൊവനേർഗ്ഗെസ് ആര്?
5. വിഹിതമല്ലാത്ത എന്തുകാര്യമാണ് ശിഷ്യന്മാർ  ചെയ്തത്?
6. യേശുവിന്റെ നെഞ്ചോടു ചാരിയ ശിഷ്യന്റെ പേര് എന്ത്?
7. മേശകളിൽ ശുശ്രൂഷിപ്പാൻ തിരഞ്ഞെടുത്ത ഏഴുപേരിൽ ആദ്യത്തെ രക്തസാക്ഷി ആര്?
8. തലയോടിടം എന്ന സ്ഥലത്തിന്റെ എബ്രായഭാഷയിലുള്ള പേര് എന്ത്?
9. പന്തിരുവരിൽ ഒരുവനായ തോമാസിന്റെ മറുപേര് എന്ത്?
10. യൂദായ്ക്കു പകരമായി അപ്പൊസ്തലന്മാർ ചീട്ടിട്ട് എടുത്ത ആൾ ആര്?
11. നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു വിശ്വാസക്കപ്പൽ തകർന്നുപോയ രണ്ടുപേർ ആരെല്ലാം?
12. "നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്". ഈ പ്രസ്താവന ചെയ്തത് ആരാണ്?
13. യേശുവിനെ തിരിച്ചറിഞ്ഞ ആദ്യവ്യക്തി ആരായിരുന്നു?.
14. തമ്മിൽ തല്ലിയ സഹോദരിമാർ ആര്?
15. ദൈവാലയത്തിൽ വച്ച് യേശുവിനെ തിരിച്ചറിഞ്ഞ പ്രവാചകി ആര്?
16. ഗബ്രീയേൽ ദൂതന്റെ പേരു പുതിയനിയമത്തിൽ എത്ര പ്രാവശ്യം കാണുന്നു?
17. "വേല ചെയ്‌വാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്" എന്നത് ആരുടെ ആജ്ഞയാണ്?
18. മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നത് കണ്ടത് ആരാണ്?
19. സകലവിധ ദോഷത്തിന്റെയും മൂലകാരണം എന്താണ്?
20. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവരെയും എവിടെ തള്ളിയിടും?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 7 - ന്റെ ഉത്തരങ്ങൾ റഫറൻസ് സഹിതം 2026 ജൂൺ 30 - നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : 9087144349, : 8281748768

ഉത്തരങ്ങൾ പോസ്റ്റ് വഴി അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**